2025 MARCH
22
SATURDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# മികച്ച മുന്നേറ്റം തുടർന്ന് രൂപയും ഓഹരിയും

**കൊച്ചി:** ആഗോള വിപണിയിലെ അനുകൂല ചലനങ്ങളുടെ കരുത്തിൽ ഇന്ത്യൻ ഓഹരി വിപണിയും രൂപയും തുടർച്ചയായ അഞ്ചാം ദിവസവും മികച്ച മുന്നേറ്റം നടത്തി. വിദേശ നിക്ഷേപകരുടെ മടങ്ങിവരവും ഡോളറിൻറെ ദൗർബല്യവും ഇന്ത്യയുടെ വളർച്ച സാദ്ധ്യതകളിലെ പ്രതീക്ഷയും വിപണിക്ക് ആവേശം പകർന്നു.



ഇന്നലെ സെൻസെക്സ് 557 പോയിൻറ് നേട്ടവുമായി 76,905ൽ അവസാനിച്ചു. നിഫ്റ്റി 160 പോയിൻറ് ഉയർന്ന് 23,350ൽ എത്തി. തുടർച്ചയായ അഞ്ചാം ദിവസമാണ് മുഖ്യ സൂചികകൾ നേട്ടത്തോടെ അവസാനിക്കുന്നത്. ബോംബെ സ്റ്റോക്ക് എക്സ്ചേഞ്ചിൽ ലിസ്റ്റ് ചെയ്ത കമ്പനികളുടെ മൊത്തം വിപണി മൂല്യത്തിൽ 4.91 ലക്ഷം കോടി രൂപയുടെ വർദ്ധനയുണ്ടായി. മാന്ദ്യ ഭീഷണി നേരിടുന്നതിനായി കേന്ദ്ര ബാങ്കായ ഫെഡറൽ റിസർവ് മുഖ്യ പലിശ നിരക്ക് രണ്ട് തവണ കുറയ്ക്കുമെന്ന് വ്യക്തമാക്കിയതാണ് ഐടി മേഖലകളിലെ ഓഹരികൾക്ക് കരുത്ത് പകർന്നത്.

ഫെഡറൽ റിസർവ് തീരുമാനം അമേരിക്കൻ ബോണ്ടുകളുടെയും ഡോളറിൻറെയും മൂല്യത്തിൽ ഇടിവുണ്ടാക്കുന്നതിനാലാണു വിദേശ ധനകാര്യ സ്ഥാപനങ്ങൾ ഇന്ത്യ ഉൾപ്പെടെയുള്ള വിപണികളിലേക്ക് വലിയ തോതിൽ പണമൊഴുക്കുന്നത്. ബജാജ് ഫിനാൻസ്, കോട്ടക് മഹീന്ദ്ര ബാങ്ക്, നെസ്ലേ, എൻടിപിസി, പവർ ഗ്രിഡ്, അദാനി ഗ്രീൻ തുടങ്ങിയവയാണ് വെള്ളിയാഴ്ച മുന്നേറ്റത്തിന് നേതൃത്വം നൽകിയത്.

വിദേശ നിക്ഷേപകർ മടങ്ങിയെത്തിയതോടെ രൂപയുടെ മൂല്യം കഴിഞ്ഞ ദിവസങ്ങളിൽ ഗണ്യമായി മെച്ചപ്പെട്ടു. ഒരു മാസത്തിനിടെയിലെ ഏറ്റവും മികച്ച പ്രകടനമാണ് രൂപ വെള്ളിയാഴ്ച കാഴ്ചവച്ചത്. വെള്ളിയാഴ്ച രൂപ 39 പൈസയുടെ നേട്ടവുമായി 85.97ൽ അവസാനിച്ചു. നാല് ദിവസത്തിനിടെ രൂപയുടെ മൂല്യത്തിൽ 160 പൈസയുടെ വർദ്ധനയാണുണ്ടായത്.

ഒക്ടോബർ മുതൽ വിദേശ ധനകാര്യ സ്ഥാപനങ്ങൾ ഇന്ത്യയിൽ നിന്നും വൻതോതിൽ പണം പിൻവലിച്ചതോടെ ഓഹരി, നാണയ, കടപ്പത്ര വിപണികൾ കനത്ത വിൽപ്പന സമ്മർദ്ദം നേരിട്ടിരുന്നു. നടപ്പുവർഷം ഇതുവരെ വിദേശ ഫണ്ടുകൾ ഇന്ത്യൻ ഓഹരി വിപണിയിൽ നിന്ന് 1.25 ലക്ഷം രൂപയ്ക്കടുത്താണ് പിൻവലിച്ചത്. ഇതോടെ സെൻസെക്സ്, നിഫ്റ്റി എന്നിവ 20 ശതമാനത്തിനടുത്ത് നഷ്ടം നേരിട്ടിരുന്നു. കഴിഞ്ഞ അഞ്ച് ദിവസങ്ങളിലായി മികച്ച വാങ്ങൽ താത്പര്യവുമായി ഫണ്ടുകൾ രംഗത്തെത്തിയതോടെ നിഫ്റ്റിയും സെൻസെക്സും ശക്തമായി തിരിച്ചുകയറി. ഇതോടൊപ്പം രൂപയുടെ മൂല്യത്തിലും മികച്ച കുതിപ്പുണ്ടായി. മാർച്ച് 20ന് മാത്രം 3,239 കോടി രൂപയുടെ ഓഹരികളാണ് വിദേശ നിക്ഷേപ സ്ഥാപനങ്ങൾ ഇന്ത്യയിൽ വാങ്ങിയത്.

## ചർച്ച വിജയം; മാർച്ച് 24,25 തിയതികളിലെ അഖിലേന്ത്യാ ബാങ്ക് പണിമുടക്ക് മാറ്റിവച്ചു

**ന്യൂഡൽഹി:** മാർച്ച് 24,25 തിയതികളിൽ നടത്താനിരുന്ന അഖിലേന്ത്യ ബാങ്ക് പണിമുടക്ക് മാറ്റി. സെൻട്രൽ ലേബർ കമ്മിഷണറുമായി യൂണിയനുകൾ നടത്തിയ ചർച്ചയിലാണ് തീരുമാനം. തൊഴിലാളികളുടെ ആവശ്യങ്ങൾ അനുഭാവപൂർവം പരിഗണിക്കാമെന്ന ധനമന്ത്രാലയത്തിലെ ജോയിന്റ് സെക്രട്ടറിയുടെ ഉറപ്പിന്മേലാണ് പണിമുടക്ക് മാറ്റിവയ്ക്കാമെന്നു സംഘടനകൾ അറിയിച്ചത്.

വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ബാങ്ക് ജീവനക്കാരുടെ സംയുക്ത സംഘടനയായ യുണൈറ്റഡ് ഫോറം ഓഫ് ബാങ്ക് യൂണിയൻസ് (യുഎഫ്ബിയു) ആണ് പണിമുടക്കിന് ആഹ്വാനം ചെയ്തിരിക്കുന്നത്. ബെഫി, എഐബിഇഎ, എഐബിഒസി, എൻസിബിഇ അടക്കം 9 യൂണിയനുകളുടെ സംയുക്ത സംഘടനയാണ് യുഎഫ്ബിയു.

## ഭൗമ മണിക്കൂർ ഇന്ന്; വൈദ്യുതി വിളക്കുകൾ രാത്രി 8.30 മുതൽ 9.30 വരെ അണയ്ക്കണം



**തിരുവനന്തപുരം:** ആഗോളതാപനത്തിൽനിന്നു ഭൂമിയെ സംരക്ഷിക്കാൻ ഇന്നു രാത്രി 8.30 മുതൽ 9.30 വരെ വൈദ്യുതി വിളക്കുകൾ അണച്ചു ഭൗമ മണിക്കൂർ ആചരിക്കും. വേൾഡ് വൈഡ് ഫണ്ട് ഫോർ നേച്ചറിന്റെ (ഡബ്ല്യുഡബ്ല്യുഎഫ്) ആഹ്വാന പ്രകാരമാണിത്. മാർച്ചിലെ അവസാന ശനിയാഴ്ചയാണു പതിവായി ഭൗമ മണിക്കൂർ ആചരിക്കുന്നത്. ഇത്തവണ ലോക ജലദിനം കൂടിയായതിനാൽ മാർച്ചിലെ നാലാമത്തെ ശനിയാഴ്ചയായ ഇന്ന് ആചരിക്കാൻ തീരുമാനിക്കുകയായിരുന്നു.

ഇന്നു രാത്രി 8.30 മുതൽ 9.30 വരെ ഒരു മണിക്കൂർ അത്യാവശ്യമില്ലാത്ത വൈദ്യുതി വിളക്കുകളും മറ്റ് ഇലക്ട്രിക് ഉപകരണങ്ങളും ഓഫ് ചെയ്ത് ഭൗമ മണിക്കൂർ ആചരണത്തിൽ പങ്കാളികളാകണമെന്ന് കെഎസ്ഇബി അഭ്യർഥിച്ചു.

## ഗാസയിൽ വെടിനിർത്തൽ നടപ്പിലാക്കണം; സംയുക്ത പ്രസ്താവനയുമായി ജർമനി, ഫ്രാൻസ്, ബ്രിട്ടൻ

**പാരിസ് :** ഗാസയിൽ വെടിനിർത്തൽ ഉടനടി നടപ്പാക്കണമെന്ന് ജർമനി, ഫ്രാൻസ്, ബ്രിട്ടൻ എന്നീ രാജ്യങ്ങളുടെ വിദേശകാര്യ മന്ത്രിമാർ ആഹ്വാനം ചെയ്തു. ഇസ്രയേൽ സൈന്യം ഗാസ മേഖലയിൽ വീണ്ടും ആക്രമണം ആരംഭിച്ചതിനു പിന്നാലെയാണ് ഭീകരാക്രമണങ്ങൾ കൊണ്ട് പൊറുതിമുട്ടിയ രാജ്യങ്ങളുടെ മന്ത്രിമാരുടെ സംയുക്ത പ്രസ്താവന. ജനുവരി 19 ലെ വെടിനിർത്തൽ കരാറിനു ശേഷമുള്ള ശാന്തതയെ തകർത്തുകൊണ്ടാണ് പ്രദേശത്ത് ഇസ്രയേൽ ആക്രമണം നടക്കുന്നത്.

നാശനഷ്ടങ്ങളിൽ തങ്ങൾ ഞെട്ടിപ്പോയെന്നും വെടിനിർത്തലിലേക്ക് ഉടൻ മടങ്ങണമെന്ന് അടിയന്തരമായി ആവശ്യപ്പെടുന്നതായും മന്ത്രിമാർ സംയുക്ത പ്രസ്താവനയിലൂടെ അറിയിച്ചു. ജർമനിയുടെ അന്നലീന ബെയർബോക്ക്, ഫ്രാൻസിന്റെ ജീൻനോയൽ ബാരോട്ട്, ബ്രിട്ടന്റെ ഡേവിഡ് ലാമി എന്നീ മന്ത്രിമാരാണ് സംയുക്ത പ്രസ്താവന പുറത്തിറക്കിയത്. എല്ലാ കക്ഷികളും വെടിനിർത്തൽ പൂർണമായും നടപ്പിലാക്കുകയും സ്ഥിരമാക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പാക്കാൻ ചർച്ചകളിൽ വീണ്ടും ഏർപ്പെടാനും തീരുമാനമായി. പലസ്തീൻ പ്രദേശത്ത് അവശേഷിക്കുന്ന ബന്ദികളെ മോചിപ്പിക്കണം. ഹമാസ് ഇനി ഗാസ ഭരിക്കാനോ ഇസ്രയേലിന് ഭീഷണിയാകാനോ പാടില്ലെന്നും മന്ത്രിമാർ ആവശ്യപ്പെട്ടു.

ഗാസയിലെ കൂടുതൽ സ്ഥലങ്ങൾ പിടിച്ചടക്കാൻ ഇസ്രയേൽ പ്രതിരോധമന്ത്രി ഇന്നലെ ഉത്തരവിറക്കിയിരുന്നു. തടവിലാക്കപ്പെട്ട ബന്ദികളെ മോചിപ്പിച്ചില്ലെങ്കിൽ ഗാസയിലെ കൂടുതൽ സ്ഥലങ്ങൾ പിടിച്ചെടുക്കുമെന്നായിരുന്നു വിദേശകാര്യ മന്ത്രി ഇസ്രയേൽ കാറ്റ്സ് പറഞ്ഞത്. ഗാസയിലെ കൂടുതൽ സ്ഥലങ്ങൾ പിടിച്ചടക്കാൻ സൈന്യത്തിനു നിർദേശം നൽകി.



# ഗുരുവായൂർ സംഭവം: തുളസിത്തറ മലിനപ്പെടുത്തിയ ആളെ അറസ്റ്റു ചെയ്യണം: വി.എച്ച്.പി

**കൊച്ചി:**ഗുരുവായൂരിൽ തുളസിത്തറ മലിനപ്പെടുത്തിയ ആളെ അറസ്റ്റ് ചെയ്യണമെന്ന് വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന പ്രസിഡന്റ് വിജി തമ്പി, ജനറൽ സെക്രട്ടറി അഡ്വ. അനിൽ വിളയിൽ എന്നിവർ ആവശ്യപ്പെട്ടു. ഹിന്ദുമത വിശ്വാസികൾ പവിത്രമായി കാണുകയും സംരക്ഷിക്കുകയും ചെയ്യുന്നതാണ് തുളസിത്തറ. അത് മലിനമാക്കിയ നടപടി ഒരിക്കലും അംഗീകരിക്കാൻ കഴിയില്ല. ഇത്രയും നീചമായ പ്രവർത്തിയുണ്ടായിട്ടും ഇത് ചെയ്ത ആൾക്കെതിരെ കേസെടുക്കാൻ തയ്യാറാകാത്ത പോലിസ് ആ വീഡിയോ സോഷ്യൽ മീഡിയയിൽ ഷെയർ ചെയ്ത വ്യക്തിക്കെതിരെ മാത്രം കേസെടുത്ത നിലപാട് അങ്ങേയറ്റം പ്രതിഷേധാർഹമാണ്. ഗുരുവായൂർ പരിസരത്ത് ഹോട്ടൽ നടത്തുന്ന ഇയാൾ മനോരോഗിയാണെന്നാണ് അവകാശപ്പെടുന്നത്. ഹോട്ടൽ നടത്താനുള്ള ലൈസൻസ് മാത്രമല്ല ഇദ്ദേഹത്തിന് ഡ്രൈവിംഗ് ലൈസൻസുമുണ്ട്. മനോരോഗമുള്ളയാൾക്ക് ഇത് രണ്ടും എങ്ങനെ ലഭിച്ചുവെന്നും അന്വേഷിക്കണം. ഒപ്പം ലൈസൻസ് റദ്ദാക്കി ഇയാളെ സർക്കാർവക മനോരോഗാശുപത്രിയിൽ പ്രവേശിപ്പിച്ച് ചികിൽസിക്കാൻ തയ്യാറകണമെന്നും വി.എച്ച്.പി നേതാക്കൾ ആവശ്യപ്പെട്ടു.



## ജെ.സി ഡാനിയൽ പ്രതിമ: നിർമ്മാണത്തിന് തുടക്കം കുറിച്ചു

**തിരുവനന്തപുരം:** ജെ. സി ഡാനിയേലിന്റെ വെങ്കല പ്രതിമ നിർമ്മാണത്തിന് തിരുവനന്തപുരത്ത് തുടക്കമായി. തിരുവനന്തപുരം ശ്രീ തിയേറ്ററിൽ നടന്ന ചടങ്ങിൽ മന്ത്രി സജി ചെറിയാൻ നിർമ്മാണ ഉദ്ഘാടനം നിർവ്വഹിച്ചു.കേരളം ഒരു ആധുനിക സമൂഹമായി മാറുന്നതിൽ മലയാള സിനിമയും അതിന്റെ പിതാവ് ജെ.സി. ഡാനിയലും പങ്കുവഹിച്ചിട്ടുണ്ടെന്ന് മന്ത്രി സജി ചെറിയാൻ പറഞ്ഞു. മറ്റു കലകളിൽ നിന്ന് വ്യത്യസ്തമാണ് സിനിമ. അത് ആധുനിക സങ്കേതങ്ങൾ ഉപയോഗിച്ചു വളരുന്ന ഒന്നാണ്. അതേസമയം അത് കാലത്തിന്റെ അടയാളപ്പെടുത്തൽ കൂടിയാണ്. യാഥാസ്ഥിതിക കുടുംബ പശ്ചാത്തലത്തിൽ നിന്നും എതിർപ്പുകളെ അവഗണിച്ച് സിനിമ നിർമ്മിക്കാനായി ഇറങ്ങിപ്പുറപ്പെട്ട ജെ.സി. ഡാനിയലും അദ്ദേഹത്തിന്റെ 'വിഗതകുമാരൻ' എന്ന സിനിമയിലെ നായിക പി. കെ. റോസിയും അന്നത്തെ സമൂഹത്തിൽ നിന്ന് കടുത്ത വെല്ലുവിളികൾ നേരിട്ടിട്ടുണ്ട്. അത് അന്നത്തെ സാമൂഹിക സ്ഥിതി ആയിരുന്നു. അദ്ദേഹത്തെ ചരിത്രത്തിൽ രേഖപ്പെടുത്തുന്നതിലൂടെ ആ കാലത്തെ സാമൂഹിക അന്തരീക്ഷം ഇന്നത്തെ തലമുറയ്ക്ക് പരിചയപ്പെടുത്തുക കൂടിയാണ് ചെയ്യുന്നതെന്ന് മന്ത്രി പറഞ്ഞു.

ഈ വർഷം രൂപീകരണത്തിന്റെ അമ്പതാം വാർഷികം ആഘോഷിക്കുന്ന കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ ചിത്രാഞ്ജലി സ്റ്റുഡിയോ ക്യാമ്പസിലാണ് പ്രതിമ സ്ഥാപിക്കുക. ചിത്രാഞ്ജലിയുടെ ക്യാമ്പസിൽ തന്നെ പ്രതിമ സ്ഥാപിക്കുന്നത് മലയാള സിനിമയുടെ ചരിത്ര മുഹൂർത്തമാണെന്നും മന്ത്രി കൂട്ടിച്ചേർത്തു.പത്തടി ഉയരത്തിലെ വെങ്കല പ്രതിമയാണ് ശില്പി കുന്നുവിള എം. മുരളി രൂപകൽപ്പന ചെയ്തിട്ടുള്ളത്. ഏഴര അടി ഉയരത്തിലെ പീഠത്തിലാണ് പ്രതിമ നിലകൊള്ളുക. 50 ലക്ഷം രൂപ ചിലവിലാണ് പ്രതിമ നിർമ്മാണം.

മലയാള സിനിമയ്ക്ക് നൽകാവുന്ന ഏറ്റവും കരുത്തുറ്റ ഓർമ്മപ്പെടുത്തലാണ് ജെ.സി. ഡാനിയലിന്റെ പ്രതിമ എന്ന് സാംസ്കാരിക വകുപ്പ് ഡയറക്ടർ ഡോ. ദിവ്യ എസ്. അയ്യർ ഐഎഎസ് പറഞ്ഞു. കലയ്ക്കുവേണ്ടി തന്റെ ജീവിതം ഒഴിഞ്ഞു വയ്ക്കുകയും വിപ്ലവ ശബ്ദം ഉയർത്തുകയും ചെയ്ത വ്യക്തിത്വമാണ് അദ്ദേഹം എന്നും ഡോ. ദിവ്യ അനുസ്മരിച്ചു.

ചടങ്ങിൽ ജെ.സി. ഡാനിയന്റെ മകൻ ഹാരിസ് ഡാനിയൽ, ശിൽപ്പി കുന്നുവിള എം. മുരളി എന്നിവരെ മന്ത്രി ആദരിച്ചു.കെഎസ്എഫ്ഡിസി ചെയർമാൻ ഷാജി എൻ. കരുൺ, കേരള ചലച്ചിത്ര അക്കാദമി ചെയർമാൻ പ്രേം കുമാർ, കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് ചെയർമാൻ മധുപാൽ കെ., കെഎസ്എഫ്ഡിസി മാനേജിംഗ് ഡയറക്ടർ പ്രിയദർശനൻ പി. എസ്., ഭരണസമിതി അംഗങ്ങളായ ഷാജി കൈലാസ്, പി. സുകുമാർ, ജിത്തു കോളയാട്, ഇർഷാദ് അലി, ഷെറിൻ ഗോവിന്ദൻ, ചലച്ചിത്ര അക്കാദമി സെക്രട്ടറി സി. അജോയ് തുടങ്ങിയവർ പങ്കെടുത്തു.

മലയാളത്തിലെ ആദ്യ ചലച്ചിത്രമായ വിഗതകുമാരന്റെ നിർമാതാവും സംവിധായകനുമായിരുന്നു ജെ.സി. ഡാനിയൽ അഥവ ജോസഫ് ചെല്ലയ്യ ഡാനിയൽ.




ഇടപ്പള്ളി ദി ഐ ഫൗണ്ടേൻ കണ്ണാശുപത്രിയിൽ 2025 ഏപ്രിൽ 15 വരെ പൊതുജനങ്ങൾക്ക് സൗജന്യ ഗ്ലോക്കോമ നിർണ്ണയ പരിശോധന നടത്തുമെന്ന് മെഡിക്കൽ സൂപ്രണ്ട് ഡോ. പ്രവീൺ മുരളി എറണാകുളം പ്രസ്സ് ക്ലബ്ബിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ അറിയിക്കുന്നു റീജ്യണൽ മാനേജർ തമിഴ് സെൽവൻ, സീനിയർ ഗ്ലോക്കമ വിദഗ്ദൻ ഡോ. ഉമേഷ് കൃഷ്ണ എന്നിവർ സമീപം.

# സൗജന്യ ഗ്ലോക്കോമ നിർണ്ണയ പരിശോധനയുമായി ദി ഐ ഫൗണ്ടേഷൻ

**കൊച്ചി:**ഗ്ലോക്കോമ വാരാചരണത്തിന്റെ ഭാഗമായി എറണാകുളം ഇടപ്പള്ളി ദി ഐ ഫൗണ്ടേഷൻ കണ്ണാശുപത്രിയുടെ നേതൃത്വത്തിൽ ഏപ്രിൽ 15 വരെ പൊതുജനങ്ങൾക്ക് സൗജന്യ ഗ്ലോക്കോമ നിർണ്ണയ പരിശോധന നടത്തുമെന്ന് ഐ ഫൗണ്ടേഷൻ മെഡിക്കൽ സൂപ്രണ്ട് ഡോ. പ്രവീൺ മുരളി, സീനിയർ ഗ്ലോക്കമ വിദഗ്ദൻ ഡോ. ഉമേഷ് കൃഷ്ണ, റീജ്യണൽ മാനേജർ തമിഴ് സെൽവൻ എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ആശുപത്രിയിൽ രാവിലെ ഒമ്പതു മുതൽ വൈകുന്നേരം ആറുമണിവരെയായിരിക്കും പരിശോധന. കണ്ണിനുളളിൽ പ്രഷർ കൂടി ഞരമ്പിന് തകരാർ സംഭവിക്കുന്ന അവസ്ഥയാണ് ഗ്ലോക്കോമ. നിശബ്ദ കൊലയാളിയെന്നാണ് ഗ്ലോക്കോമയെ വിശേഷിപ്പിക്കുന്നത്. ആദ്യഘട്ടത്തിൽ വേദനയോ ബുദ്ധിമുട്ടോ കാഴ്ചയ്ക്ക് പ്രശ്നങ്ങളോ ഉണ്ടാവില്ല. കാര്യക്ഷമമായ പരിശോധനയിലൂടെ മാത്രമേ രോഗം കണ്ടെത്താൻ സാധിക്കൂ. തുടക്കത്തിൽ തന്നെ പരിശോധിച്ച് രോഗനിർണ്ണയം നടത്തിയാൽ ചികിൽസിച്ചാൽ നല്ല രീതിയിലുള്ള കാഴ്ച തിരികെ കൊണ്ടുവരാൻ സാധിക്കും. നിലവിൽ ദിവസവും ഐ ഫൗണ്ടേഷനിൽ നടക്കുന്ന പരിശോധനയിൽ ആറു മുതൽ ഏഴുവരെ ഗ്ലോക്കോമ ബാധിതരെ കണ്ടെത്തുന്നുണ്ട്. 40 വയസ് കഴിഞ്ഞ എല്ലാവരും കണ്ണിലെ പ്രഷർ പരിശോധന നടത്തണം. രോഗം കണ്ടെത്തുന്നവരിൽ തുടക്കത്തിൽ തുള്ളിമരുന്നും കുറവില്ലെങ്കിൽ ലേസർ ട്രീറ്റുമെന്റും നിർദ്ദേശിക്കും. ഇതുകൊണ്ടും മാറുന്നില്ലെങ്കിലാണ് ശസ്ത്രക്രിയ ചെയ്യുന്നതെന്നും ഇവർ വ്യക്തമാക്കി. ഗ്ലോക്കോമ വാരാചരണത്തിന്റെ ഭാഗമായി ഐ ഫൗണ്ടേഷന്റെ നേതൃത്വത്തിൽ ബോധവൽക്കരണ പരിപാടികൾ, പ്രിവിലേജ് കാർഡ് വിതരണം, വാക്കത്തോൺ എന്നിവ നടത്തി വരുന്നുണ്ടെന്നും ഇവർ വ്യക്തമാക്കി.

# വയർലെസ് ആർത്രോസ്കോപ്പി നടത്തി വിപിഎസ് ലേക്ഷോർ

**കൊച്ചി:** വയർലെസ് ആർത്രോസ്കോപ്പി വിജയകരമായി നടത്തി വിപിഎസ് ലേക്ഷോർ ഹോസ്പിറ്റൽ. 58 വയസ്സുള്ള സ്ത്രീയിലാണ് വയർലെസ് അത്രോസ്കോപ്പിയിലൂടെ സന്ധിയിലെ മെനിസ്കസ് റൂട്ട് റിപ്പയർ ശസ്ത്രക്രിയ നടത്തിയത്.ഉള്ളിലേക്ക് കടത്തിവിടുന്ന ഒരു ചെറിയ ക്യാമറയിലൂടെ സന്ധികളിലെ രോഗാവസ്ഥകൾ നിർണയിക്കാനും ചികിത്സിക്കാനും കഴിയുന്ന ഒരു മിനിമലി ഇൻവേസീവ് ചികിത്സാരീതിയാണ് ആർത്രോസ്കോപ്പി. പരമ്പരാഗത ആർത്രോസ്കോപ്പിയിൽ ക്യാമറയിലെ ദൃശ്യങ്ങൾ കേബിളുകളിലൂടെയാണ് ലഭിക്കുന്നത്. അതേസമയം വയർലെസ് ആർത്രോസ്കോപ്പി കേബിളുകൾ ഇല്ലാതെ ദൃശ്യങ്ങൾ കൈമാറുന്നു. കൂടുതൽ സ്റ്റെബിലിറ്റി, സ്റ്റെറിലൈസേഷൻ സമയം കുറവ് എന്നതും ഇതിന്റെ എടുത്തുപറയേണ്ട പ്രത്യേകതകളാണ്. ഒപ്പം കൃത്യത, കാര്യക്ഷമത, രോഗികളുടെ സുരക്ഷ എന്നിവ വർദ്ധിപ്പിക്കുന്നതായും ശസ്ത്രക്രിയയ്ക്ക് നേതൃത്വം നൽകിയ ഓർത്തോപീഡിക് കൺസൾട്ടന്റ് ഡോ. ജോർജ് ജേക്കബ് പറഞ്ഞു. 'വയർലെസ് ആർത്രോസ്കോപ്പി ഓർത്തോപീഡിക്സ് മേഖലയുടെ മുഖച്ഛായ തന്നെ മാറ്റുന്നതാണ്. ഇത് ശസ്ത്രക്രിയയുടെ കൃത്യത വർദ്ധിപ്പിക്കുന്നു, ശസ്ത്രക്രിയ സമയത്ത് ഉണ്ടാകാവുന്ന അപകടസാധ്യതകളും അണുബാധയും കുറയ്ക്കുന്നു.പരമ്പരാഗത ആർത്രോസ്കോപ്പിയിൽ



ക്യാമറയെ മോണിറ്ററുമായി ബന്ധിപ്പിക്കുന്നത് ഒന്നിലധികം കേബിളുകൾ ഉപയോഗിച്ചാണ്. ഇത് ക്യാമറയുടെ ചലനം പരിമിതപ്പെടുത്തുന്നു. വിപുലമായ കേബിൾ മാനേജ്മെന്റ് ഇതിൽ ആവശ്യമാണ്. വയർലെസ് ആർത്രോസ്കോപ്പി ഈ നിയന്ത്രണങ്ങൾ ഇല്ലാതാക്കുന്നു. ശസ്ത്രക്രിയാ വിദഗ്ധർക്ക് ആവശ്യാനുസരണം ക്യാമറ ചലിപ്പിക്കാൻ കഴിയും. അത് കാരണം കൃത്യതയും കാര്യക്ഷമതയും മെച്ചപ്പെടുന്നു. സ്റ്റെറിലൈസേഷൻ സമയം കുറയ്ക്കുന്നതാണ് മറ്റൊരു പ്രധാന നേട്ടം. വയർഡ് ആർത്രോസ്കോപ്പിയിൽ, കേബിളുകൾക്കും കണക്ടറുകൾക്കും ദീർഘനേരത്തെ അണുവിമുക്തമാക്കൽ ആവശ്യമാണ്, അതുകൊണ്ട് തന്നെ തയ്യാറെടുക്കുന്ന സമയം കൂടുതലാണ്. കൂടാതെ, വയർലെസ് സാങ്കേതികവിദ്യ അണുബാധ സാധ്യത കുറയ്ക്കുന്നു, ഇത് രോഗിയുടെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള നിർണായക ഘടകമാണെന്നും അദ്ദേഹം പറഞ്ഞു.കേബിളുകൾ ഒഴിവാകുന്നത് ശസ്ത്രക്രിയ കൂടുതൽ എളുപ്പമാക്കും. ശസ്ത്രക്രിയയ്ക്കിടയിൽ, ആകസ്മികമായ വിച്ഛേദമോ തടസ്സങ്ങളോ ഉണ്ടാകാനുള്ള സാധ്യത കുറയ്ക്കുന്നു എന്നതും എടുത്തു പറയേണ്ടതാണ്. വയർലെസ് സിസ്റ്റത്തിന്റെ ഹൈഡെഫനിഷൻ തത്സമയ ദൃശ്യങ്ങൾ ശസ്ത്രക്രിയയുടെ കൃത്യത കൂടുതൽ മെച്ചപ്പെടുത്തുന്നു എന്നതും പ്രധാന പ്രത്യേകതയാണ്,' അദ്ദേഹം കൂട്ടിച്ചേർത്തു.വയർലെസ് ആർത്രോസ്കോപ്പി വിജയകരമായത് മെഡിക്കൽ സാങ്കേതികവിദ്യയിലെ തന്നെ ഒരു പ്രധാന ചുവടുവയ്പ്പാണെന്ന് വിപിഎസ് ലേക്ഷോർ മാനേജിംഗ് ഡയറക്ടർ എസ് കെ അബ്ദുള്ള പറഞ്ഞു. വയർലെസ് ആർത്രോസ്കോപ്പിക്ക് പുറമേ, നട്ടെല്ലിന്റെ 3ഡി ദൃശ്യങ്ങൾ പകർത്താൻ ഒആം മെഷീൻ അവതരിപ്പിക്കുന്ന ആദ്യത്തെ ആശുപത്രിയാണ് തങ്ങളെന്നും അദ്ദേഹം വ്യക്തമാക്കി




# സംസ്കൃത സർവ്വകലാശാല: ത്രിദിന അന്താരാഷ്ട്ര കോൺഫറൻസ് സമാപിച്ചു

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ സംസ്കൃതം സാഹിത്യ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പണ്ഡിറ്റ് സുബ്ബരാമ പട്ടർ എൻഡോവ്മെന്റ് ഇന്റർനാഷണൽ കോൺഫറൻസ് സമാപിച്ചു. കാലടി മുഖ്യ ക്യാമ്പസിലുള്ള സെമിനാർ ഹാളിൽ നടന്ന കോൺഫറൻസ്, വൈസ് ചാൻസലർ പ്രൊഫ. കെ. കെ. ഗീതാകുമാരി ഉദ്ഘാടനം ചെയ്തു. സംസ്കൃതം സാഹിത്യ വിഭാഗം അധ്യക്ഷൻ ഡോ. കെ.വി. അജിത്കുമാർ അധ്യക്ഷനായിരുന്നു. ഡോ. നിർമ്മല കുൽക്കർണി മുഖ്യപ്രഭാഷണം നിർവ്വഹിച്ചു. സിൻഡിക്കേറ്റ് അംഗങ്ങളായ പ്രൊഫ. വി. ലിസി മാത്യു, പ്രൊഫ. ടി. മിനി, രജിസ്ട്രാർ ഡോ. മോത്തി ജോർജ്, ആർ. വെങ്കിടകൃഷ്ണൻ, ഡോ. കെ.ആർ. അംബിക എന്നിവർ പ്രസംഗിച്ചു. ഡോ. സെസ്സറി ഗലേവിച്ച്, മോണിക്ക ബ്രോവർ സിസൈക്, ഡോ. അംബരിഷ് വി. ഖരേ, ഡോ. ക്രിസ്റ്റഫെ വില്ലെ, ഡോ. സി. രാജേന്ദ്രൻ, ഡോ. ധർമ്മരാജ് അടാട്ട്, ഡോ. സി.എസ്. രാധാകൃഷ്ണൻ, ഡോ. കേശവൻ വെളുത്താട്ട്, ഡോ. കെ.സി. നാരായണൻ, ഡോ. വി.ആർ. മുരളീധരൻ, ഡോ. ആർ. ബി. ശ്രീകല, ഡോ. പി.വി. രാമൻകുട്ടി, ഡോ. എച്ച്.കെ. സന്തോഷ്, ഡോ. സി.എം. നീലകണ്ഠൻ, ഡോ. ഇ. ജയൻ, പ്രൊഫ. ഇ.ആർ. നാരായണൻ, ഡോ. എ. വാസു എന്നിവർ വിവിധ വിഷയങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

സമാപനസമ്മേളനം മുൻ വൈസ് ചാൻസലർ ഡോ. ധർമ്മരാജ് അടാട്ട് ഉദ്ഘാടനം ചെയ്തു. ഡോ. കെ.വി. അജിത്കുമാർ അധ്യക്ഷനായിരുന്നു. ഡോ. വി.കെ. ഭവാനി, ഡോ. കെ.ആർ. അംബിക, ഡോ. എം. ജെൻസി, ഡോ. കെ.എൽ. പദ്മദാസ് എന്നിവർ പ്രസംഗിച്ചു.

# കുസാറ്റിൽ വേനൽക്കാല പഠന ക്ലാസ്സ്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ ബജറ്റ് പഠന കേന്ദ്രത്തിൽ വച്ച് മെയ് 15 മുതൽ 24 വരെ സാമ്പത്തിക ശാസ്ത്രത്തിൻറെ വിവിധ മേഖലകളെ ആസ്പദമാക്കി വേനൽക്കാല പഠന ക്ലാസ്സ് സംഘടിപ്പിക്കുന്നു. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ, സെൻറർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്, ഉന്നത വിദ്യാഭ്യാസ പഠന കൗൺസിൽ എന്നീ കേന്ദ്രങ്ങളുടെ സംയുക്ത ആഭിമുഖ്യത്തിലാണ് ക്ലാസ്സ് സംഘടിപ്പിക്കുന്നത്.

പഠനവിഷയങ്ങൾ പ്രായോഗിക തലത്തിൽ എത്തിക്കുവാനും, സാമ്പത്തിക ശാസ്ത്രത്തിന്റെ ഭാവി സാധ്യതകളെ അറിയുവാനും, വിദ്യാർത്ഥികളിൽ ഗവേഷണാത്മകമായ ആശയങ്ങൾ രൂപപ്പെടുത്തിയെടുക്കുവാനും സഹായകമായ രീതിയിലാണ് പഠന ക്ലാസ്സ് തയ്യാറാക്കിയിരിക്കുന്നത്. സാമ്പത്തിക ശാസ്ത്ര മേഖലയിലെ പ്രഗ്തഭരായ അധ്യാപകർ നയിക്കുന്ന ക്ലാസ്സുകൾ വിദ്യാർത്ഥികൾക്ക് പുത്തൻ അനുഭവങ്ങൾ സൃഷ്ടിക്കുന്നതായിരിക്കും.

ഇക്കണോമിക്സ് വിഭാഗം വിദ്യാർത്ഥികൾക്കായ് നടക്കുന്ന ഈ ക്ലാസ്സിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ cbs.cusat.ac.in എന്ന വെബ്സൈറ്റിൽ നൽകിയിരിക്കുന്ന ഗൂഗിൾ ഫോമിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. 5000 രൂപയാണ് ഫീസ്.

# അസിസ്റ്റന്റ് പ്രൊഫസർ ഒഴിവ്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ സ്കൂൾ ഓഫ് എഞ്ചിനീയറിങ്ങിലെ സേഫ്റ്റി & ഫയർ എഞ്ചിനീയറിംഗ് വിഭാഗത്തിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്ന അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു.

സേഫ്റ്റി & ഫയർ എഞ്ചിനീയറിംഗിൽ ബി.ടെക്/ബി.ഇ, ഇൻഡസ്ട്രിയൽ സേഫ്റ്റിയിൽ എം.ടെക്/എം.ഇ എന്നിവയിൽ പിജി ബിരുദം, ബി.ഇ/ബി.ടെക് അല്ലെങ്കിൽ എം.ഇ/എം.ടെക് എന്നിവയിൽ ബിരുദവും ഫസ്റ്റ് ക്ലാസ്സോ തത്തുല്യമായ ഗ്രേഡോ ഉള്ളവർക്ക് അപേക്ഷിക്കാം. ഇൻഡസ്ട്രിയിൽ, ഗവേഷണ സ്ഥാപനങ്ങളിൽ, അല്ലെങ്കിൽ യുജി/പിജി തലത്തിൽ സേഫ്റ്റി & ഫയർ എഞ്ചിനീയറിംഗ് വിഷയത്തിൽ 2 വർഷത്തെ അധ്യാപനപരിചയം അഭികാമ്യം.

അപേക്ഷ ഫോം http://recruit.cusat.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഓൺലൈൻ അപേക്ഷകൾ ഏപ്രിൽ 8 നകം അയക്കണം.

# കുസാറ്റ് കലോത്സവം സർഗം 2025 സമാപിച്ചു

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല കലോത്സവം സർഗം 2025 സമാപിച്ചു. മാർച്ച് 1പതിനൊന്ന് വേദികളിലായി ആറു ദിവസം നീണ്ട കലോത്സവത്തിൽ 359 പോയിന്റുമായി സോൺ 3 ആണ് വിജയിച്ചത്. 344 പോയിന്റുകൾ നേടിയ സോൺ 4 രണ്ടാം സ്ഥാനത്തെത്തി. കലോത്സവത്തിന്റെ അവസാന ദിവസത്തിന് മാറ്റു കൂട്ടാൻ നസ്ലൻ ഗണപതി എന്നിവർ അടങ്ങിയ ആലപ്പുഴ ജിംഖാന സിനിമയുടെ ക്രൂ യും എത്തി.അതിനെ തുടർന്ന് സൂഫി നൈറ്റും സമാപന ദിവസത്തിന് നിറമേകി.

# ക്യൂബയുമായി സഹകരണം: ആരോഗ്യ ഗവേഷണ രംഗത്ത് വൻ മാറ്റം വരുമെന്ന് മന്ത്രി വീണാ ജോർജ്




**തിരുവനന്തപുരം:** ക്യൂബയുമായി സഹകരിച്ച് സംസ്ഥാനത്തെ ആരോഗ്യ രംഗത്തും ഗവേഷണ രംഗത്തും വലിയ മാറ്റം ഉണ്ടാകുന്നു. ക്യൂബൻ ഫസ്റ്റ് ഡെപ്യൂട്ടി ഹെൽത്ത് മിനിസ്റ്റർ ടാനിയെ മാർഗരിറ്റയുമായും ക്യൂബൻ ഡെലിഗേഷനുമായുള്ള ചർച്ചയിൽ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പങ്കെടുത്തു. 2023 ജൂൺ മാസത്തിൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന ക്യൂബൻ സന്ദർശനത്തിന്റെ തുടർച്ചയായി ആരോഗ്യ രംഗത്തെ നാല് മേഖലകളിൽ ക്യൂബയുടെ ഗവേഷണ രംഗവുമായി സഹകരിക്കാൻ കേരളം തീരുമാനിച്ചിട്ടുണ്ട്. ട്രിപ്പിൾ നെഗറ്റീവ് ബ്രസ്റ്റ് കാൻസർ വാക്സിൻ, ശ്വാസകോശ കാൻസർ വാക്സിൻ, പ്രമേഹ രോഗികളിലെ പാദങ്ങളിലെ വ്രണങ്ങൾക്കുള്ള ചികിത്സ (ഡയബറ്റിക് ഫൂട്ട്), ഡെങ്ക്യു വാക്സിൻ, അൽഷിമേഴ്സ് പോലുള്ള ന്യൂറോ സംബന്ധമായ രോഗങ്ങൾക്കുള്ള ചികിത്സ എന്നീ മേഖലകളിലാണ് ഗവേഷണ സഹകരണം നടക്കുന്നത്.

ക്യൂബയുമായുള്ള സഹകരണത്തിൽ സംസ്ഥാനത്തെ ആരോഗ്യ രംഗത്ത് വൻ മാറ്റമുണ്ടാകുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. കേന്ദ്രത്തിന്റേയും ഐസിഎംആറിന്റേയും ഡിസിജിഎയുടേയും അനുമതിയോടെ ഗവേഷണ രംഗത്ത് ക്യൂബൻ സഹകരണം ഉറപ്പാക്കും. ക്യൂബയുമായി മുമ്പ് നടന്ന ചർച്ചകളുടേയും ഇന്നലെ നടന്ന ചർച്ചയുടേയും തുടർന്നുള്ള ചർച്ചകളുടേയും അടിസ്ഥാനത്തിൽ ഏപ്രിൽ മാസത്തോടെ ധാരണാ പത്രത്തിൽ ഒപ്പിടും. കാൻസർ, ഡെങ്ക്യു എന്നിവയ്ക്കുള്ള വാക്സിൻ വികസനം, ഡയബറ്റിക് ഫൂട്ട്, അൽഷിമേഴ്സ് പോലുള്ള ന്യൂറോ സംബന്ധമായ രോഗങ്ങൾക്കുള്ള ചികിത്സ എന്നീ രംഗങ്ങളിൽ വലിയ പുരോഗതി കൈവരിക്കാനാകും.

ക്യൂബൻ സാങ്കേതികവിദ്യയോടെ തോന്നയ്ക്കൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിലാണ് വാക്സിനുകൾ വികസിപ്പിക്കുന്നത്. മലബാർ കാൻസർ സെന്ററുമായി സഹകരിച്ച് കാൻസർ, തൃശൂർ, കോഴിക്കോട് മെഡിക്കൽ കോളേജുകളുമായി സഹകരിച്ച് ഡയബറ്റിക് ഫൂട്ട്, തിരുവനന്തപുരം മെഡിക്കൽ കോളേജുമായി സഹകരിച്ച് അൽഷിമേഴ്സ് എന്നിവയിൽ ഗവേഷണം നടത്തും.

15 അംഗ ക്യൂബൻ സംഘത്തിൽ ക്യൂബൻ ഫസ്റ്റ് ഡെപ്യൂട്ടി ഹെൽത്ത് മിനിസ്റ്റർ ടാനിയെ മാർഗരിറ്റ, അംബാസഡർ ജുവാൻ കാർലോസ് മാർസൽ അഗ്യുലേര, ആരോഗ്യ മേഖലയിൽ നിന്നുള്ള ഉന്നത ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. കെ.എം. ഏബ്രഹാം, ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ, ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി രാജൻ എൻ. ഖോബ്രഗഡേ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി ഡയറക്ടർ ഡോ. ഇ. ശ്രീകുമാർ, മലബാർ കാൻസർ സെന്റർ ഡയറക്ടർ ഡോ. ബി. സതീശൻ, മെഡിക്കൽ എജ്യുക്കേഷൻ ജോ. ഡയറക്ടർ ഡോ. കെ. വി. വിശ്വനാഥൻ, തിരുവനന്തപുരം മെഡിക്കൽ കോളേജ് ന്യൂറോളജി വിഭാഗം മേധാവി ഡോ. പി. ചിത്ര, തൃശൂർ മെഡിക്കൽ കോളേജ് ജനറൽ സർജറി അഡീഷണൽ പ്രൊഫസർ ഡോ. സി. രവീന്ദ്രൻ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.

# വിഴിഞ്ഞം പുനരധിവാസം സമയ ബന്ധിതമായി നടപ്പിലാക്കും: മന്ത്രി

**വിഴിഞ്ഞം:** അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ഭാഗമായി ഉണ്ടാകുന്ന കുറവുകൾക്കും നഷ്ടങ്ങൾക്കും പരിഹാരമായി പ്രസ്തുത ജനതയുടെ അർഥപൂർണമായ സാമ്പത്തിക സാമൂഹിക സാംസ്കാരിക വളർച്ച ഉറപ്പാക്കുമെന്ന് തുറമുഖ സഹകരണ ദേവസ്വം വകുപ്പ് മന്ത്രി വി എൻ വാസവൻ പറഞ്ഞു. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖവുമായി ബന്ധപ്പെട്ട് മൽസ്യത്തൊഴിലാളികൾക്കുള്ള ജീവനോപാധി നഷ്ടപരിഹാര വിതരണത്തിന്റെ ഉദ്ഘാടനം വിഴിഞ്ഞം സിം ഓഡിറ്റോറിയത്തിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.

കഴിഞ്ഞ ഡിസംബർ 3 ഓടെ വിഴിഞ്ഞം പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തിയായി. പ്രധാനമന്ത്രിയുടെ തീയതി ലഭിക്കുന്നതിനനുസരിച്ച് ആദ്യ ഘട്ടം കമ്മീഷൻ ചെയ്യും. 232 ചരക്ക് കപ്പലുകളിൽ നിന്നായി അഞ്ച് ലക്ഷത്തോളം കണ്ടെയ്നറുകൾ ഇതുവരെ വിഴിഞ്ഞത്ത് കൈകാര്യം ചെയ്തു എന്നത് അഭിമാനകരമായ നേട്ടമാണ്.

ഫെബ്രുവരിയിൽ മാത്രം 72000 ത്തോളം കണ്ടെയ്നറുകളാണ് എത്തിയത്. തുടർ പദ്ധതിക്ക് പരിസ്ഥി അംഗീകാരം ലഭിക്കുകയും ആവശ്യമായ ധാരണാപത്രങ്ങൾ ഒപ്പു വെക്കുകയും ചെയ്തു കഴിഞ്ഞു. കമ്മീഷനിംഗ് കഴിഞ്ഞാൽ തുടർ നടപടികൾ പൂർത്തിയാക്കും.

വൻകിട പദ്ധതികൾ നടപ്പാക്കുമ്പോൾ അതിന്റെ ഭാഗമായി നഷ്ടങ്ങളുണ്ടാകുന്ന ജനതയെ ചേർത്തു നിർത്തണം എന്നതാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്. ജീവനോപാധി നഷ്ട്ടപ്പെട്ടവർക്ക് സാമൂഹിക ക്ഷേമ പദ്ധതികൾ മുൻകൂട്ടി തയ്യാറാക്കുകയും ജനങ്ങൾക്ക് മുന്നിൽ അവ ചർച്ച ചെയ്ത് അംഗീകരിക്കുകയും ചെയ്തു. 2700 ആളുകൾക്ക് നിലവിൽ 284 കോടി രൂപയോളം വിതരണം ചെയ്തു കഴിഞ്ഞു. ഇന്ന് മാത്രം 8.76 കോടി രൂപയാണ് വിതരണം ചെയ്യുന്നത്. കരമടി തൊഴിലാളികൾക്കുൾപ്പെടടെ സഹായം നൽകിയാണ് സർക്കാർ മുന്നോട്ട് പോകുന്നത്. ഇനിയും പരാതികളുണ്ടായാൽ അവ പരിഹരിക്കുന്നതിന് അപ്പീൽ കമ്മിറ്റിക്കും അംഗീകാരം നൽകി. സാമൂഹിക പ്രതിബദ്ധതയോടെ സാമൂഹിക വികസന ക്ഷേമ പദ്ധതികൾക്ക് രൂപം നൽകി ശാശ്വതമായ പരിഹാരം കണ്ടെത്താനാണ് സംസ്ഥാന സർക്കാർ ശ്രമിക്കുന്നത്. സ്കൂൾ, ആശുപത്രി വീടുകൾ, കുടിവെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ എല്ലാം ഉറപ്പാക്കുന്നു.

പദ്ധതിയുടെ തുടർച്ചയായി റയിൽവേപ്പാലം, തുരങ്ക പാത, റോഡുകൾ എന്നിവ ദ്രുത ഗതിയിൽ പൂർത്തിയാകുന്നതോടെ ചരക്ക് ഗതാഗത മേഖലയിൽ വലിയ വളർച്ചയുണ്ടാകും. ഇത് തൊഴിലവസരങ്ങൾ വർധിപ്പിച്ചും വിഴിഞ്ഞം ജനതയുടെ ജീവിത നിലവാരം ഉയർത്തിയും വികസനരംഗത്ത് വിസ്മയം സൃഷ്ടിക്കുമെന്നും മന്ത്രി പറഞ്ഞു.

സംസ്ഥാന ഗവൺമെന്റ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട വാഗ്ദാനങ്ങൾ ഒന്നൊന്നായി പാലിച്ചു വരികയാണെന്ന് ഫിഷറീസ് വകുപ്പ് മന്ത്രി സജി ചെറിയാൻ അധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു. രണ്ട് മാസത്തിനുള്ളിൽ വിഴിഞ്ഞം തുറമുഖത്തിന്റെ ഒന്നാം ഘട്ടത്തിന്റെ കമ്മീഷനിംഗ് നടക്കും. രണ്ടും മൂന്നും ഘട്ടങ്ങൾ കഴിയുമ്പോൾ ലോകത്തിൽ ഏറ്റവും മികച്ച തുറമുഖങ്ങളിലൊന്നായി വിഴിഞ്ഞം മാറും. പദ്ധതിയുടെ ഭാഗമായി വിഴിഞ്ഞത്തിന്റെ 100 കിലോമീറ്റർ ചുറ്റളവിൽ വികസനം സാധ്യമാകുകയും പുതിയ സംരഭങ്ങൾ, അടിസ്ഥാന സൗകര്യ വികസനം എന്നിവ വർധിക്കുകയും ചെയ്യും.

പരമ്പരാഗത മൽസ്യത്തൊഴിലാളികളെ ചേർത്തു പിടിച്ചാണ് സംസ്ഥാന സർക്കാർ മുന്നോട്ട് പോകുന്നത്. മൽസ്യത്തൊഴിലാളി സംഘടനകളുടെ നിർദേശമടക്കം പരിഗണിച്ചാണ് പുനരധിവാസ വിഷയത്തിൽ തീരുമാനമെടുത്തത്. വിഴിഞ്ഞം പുനരധിവാസം സമയബന്ധിതമായും വേഗത്തിലും പൂർത്തിയാക്കുമെന്നും മന്ത്രി പറഞ്ഞു.

വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ഡോ. ദിവ്യ എസ് അയ്യർ സ്വാഗതമാശംസിച്ചു. തുറമുഖ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ഡോ. എ കൗശികൻ റിപ്പോർട്ട് അവതരിപ്പിച്ചു. എം വിൻസന്റ് എം എൽ എ വിശിഷ്ടാതിഥിയായി. വാർഡ് കൗൺസിലർമാരായ നിസാമുദ്ദീൻ, പനിയടിമ ജോൺ തുടങ്ങിയവർ സംബന്ധിച്ചു. ഫിഷറീസ് വകുപ്പ് അഡീഷണൽ ഡയറക്ടർ സ്മിത ആർ നായർ നന്ദി അറിയിച്ചു.




# മിൽമ ഐസ്ക്രീം ഇനി പുതിയ രൂപത്തിലും രുചിയിലും

**കൊച്ചി:** പുതിയ രുചിയിലും രൂപത്തിലും വൈവിധ്യമാർന്ന പാക്കിംഗിൽ മിൽമ ഐസ്ക്രീം റീ ലോഞ്ച് ചെയ്തു. റിപൊസിഷനിംഗ് മിൽമ 2023 പദ്ധതിയുടെ ഭാഗമായാണ് വിപുലമായ ക്രമീകരണങ്ങളും നവീകരണവും വരുത്തി മിൽമ ഐസ്ക്രീം വിപണി കീഴടക്കാനെത്തുന്നത്.

മിൽമ ഫെഡറേഷൻ ചെയർമാൻ കെ എസ് മണി പുതിയ ലേബൽ ഐസ്ക്രീം പുറത്തിറക്കി. പരമ്പരാഗത വിപണനതന്ത്രം കൊണ്ട് മുന്നോട്ടു പോകാനാകില്ലെന്ന തിരിച്ചറിവിൻറെ ഭാഗമായാണ് പരിഷ്കരണ നടപടികൾ എടുത്തതെന്ന് അദ്ദേഹം പറഞ്ഞു.

മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്ത റിപൊസിഷനിംഗ് മിൽമ 2023 പദ്ധതി പ്രകാരം ആദ്യഘട്ടത്തിൽ പാൽ, തൈര്, നെയ്യ്, ഫ്ളേവേഡ് മിൽക്ക് എന്നീ ഉത്പന്നങ്ങളും തുടർന്ന് വെണ്ണ, പനീർ, പേഡ, സംഭാരം എന്നിവയുടെയും ഗുണനിലവാരവും പായ്ക്കിംഗുമാണ് ഏകീകരിച്ചതെന്ന് കെ എസ് മണി ചൂണ്ടിക്കാട്ടി.ഈ പദ്ധതി ഐസ്ക്രീം ഉത്പന്നങ്ങളിലേക്കും കൊണ്ടു വരുന്നതിൻറെ ഭാഗമായാണ് പുതിയ പരിഷ്കാരം വരുത്തിയത്. മിൽമ ഉപഭോക്താക്കളുടെ ഇഷ്ട ഫ്ളേവറുകളായ വാനില, സ്ട്രോബെറി, ചോക്ലേറ്റ്, മാംഗോ, ബട്ടർസ്കോച്ച് തുടങ്ങിയ്ക്കൊപ്പം മറ്റ് ഫ്ളേവറുകളും ഒരേ രുചി, ഗുണനിലവാരം, പാക്കിംഗ്, എന്നിവയിലൂടെ വിപണിയിലേക്കെത്തുമെന്നും അദ്ദേഹം അറിയിച്ചു.

പ്ലാൻറ് പരിഷ്കരണം, അസംസ്കൃത വസ്തുക്കളുടെ ഏകീകരണം, കേന്ദ്രീകൃത പർച്ചേസ് സംവിധാനം തുടങ്ങിയവ നടപ്പാക്കിയാണ് ഐസ്ക്രീമിൻറെ ഏകീകരണം മിൽമ സാധ്യമാക്കിയത്. കാലത്തിനൊത്ത മാറ്റങ്ങൾ, കെട്ടിനും മട്ടിലും വരുത്തിയാണ് ഐസ്ക്രീമിൻറെ റീ ലോഞ്ച് മിൽമ നടത്തിയതെന്നും ചെയർമാൻ വ്യക്തമാക്കി.

മിൽമ ഐസ്ക്രീമിന് ആവശ്യക്കാരേറെയുണ്ടെങ്കിലും ശീതീകരണ ശൃംഖലയുടെ അഭാവം മുൻകാലങ്ങളിൽ ബാധിച്ചിരുന്നു. ഇത് മറി കടക്കാൻ മേഖലാ യൂണിയനുകൾ മുൻകയ്യെടുത്ത് വിതരണ ശൃംഖല ശക്തിപ്പെടുത്തുന്ന നടപടി ഇതിനകം ആരംഭിച്ചു കഴിഞ്ഞു.

ക്ലാസിക്, പ്രീമിയം, റോയൽ(ഹൈപ്രീമിയം) എന്നീ വിഭാഗങ്ങളിലാണ് മിൽമ ഐസ്ക്രീം വിപണിയിലിറക്കുന്നത്. ഇതിൽ റെഡ് വെൽവെറ്റ്, അറേബ്യൻ ഡേറ്റ്സ് തുടങ്ങിയ റോയൽ ഫ്ളേവറുകളുടെ ഗവേഷണങ്ങൾ അവസാനഘട്ടത്തിലാണ്. രാജ്യമൊട്ടാകെ മിൽമ ഐസ്ക്രീമുകൾ ഒരേ രൂപത്തിലും സ്വാദിലുമായിരിക്കും ഇനി മുതൽ ലഭിക്കുന്നത്.

മിൽമ ഫെഡറേഷൻ എംഡി ആസിഫ് കെ യൂസഫ്, എറണാകുളം മേഖലായൂണിയൻ ചെയർമാൻ സി എൻ വത്സലൻ പിള്ള, തിരുവനന്തപുരം മേഖലാ യൂണിയൻ ചെയർമാൻ മണി വിശ്വനാഥ്, മലബാർ മേഖലാ യൂണിയൻ എം ഡി കെ സി ജെയിംസ്, ഇആർസിഎംപിയു എം ഡി വിൽസൺ ജെ പുറവക്കാട്ട് എന്നിവർ സംസാരിച്ചു.

# കൺവർജൻസ് ഇന്ത്യ 2025 ലെ സ്റ്റാർട്ടപ്പ് പിച്ച് ഹബ്: ഒന്നാമതെത്തി ഫ്യൂസ് ലേജ് ഇനോവേഷൻസ്

**കൊച്ചി:** കേരള സ്റ്റാർട്ടപ്പ് മിഷനിൽ നിന്നുള്ള അഗ്രിടെക് സ്റ്റാർട്ടപ്പായ ഫ്യൂസ് ലേജ് കൺവെർജൻസ് ഇന്ത്യ 2025 എക്സ്പോയിലെ സ്റ്റാർട്ടപ്പ് പിച്ച് ഹബിൽ ഒന്നാമതെത്തി. ഇതോടെ എക്സ്പാൻഡ് നോർത്ത് സ്റ്റാർ ദുബായ്, ജി ടെക്സ് യൂറോപ്പ് എന്നീ എക്സപോകളിൽ പൂർണമായും സ്പോൺസർഷിപ്പുള്ള പ്രദർശന സ്ഥലം ഫ്യൂസ് ലേജിന് ലഭിക്കും. ഇതോടൊപ്പം ബെർലിനിലും ദുബായിലും നടക്കുന്ന സൂപ്പർ ചലഞ്ച് 2025 സ്റ്റാർട്ടപ്പ് സമ്മേളനത്തിലും ഇവർക്ക് ഇടമുണ്ടാകും.ദേശീയ തലത്തിൽ 24 സ്റ്റാർട്ടപ്പുകളാണ് പിച്ചിംഗ് മത്സരത്തിൽ പങ്കെടുത്തത്. അതിൽ പത്ത് സ്റ്റാർട്ടപ്പുകൾ അവസാന റൗണ്ടിൽ വന്നതിൽ നാലെണ്ണവും കേരളത്തിൽ നിന്നാണെന്ന പ്രത്യേകത കൂടിയുണ്ട്. ഫ്യൂസ് ലേജിനെ കൂടാതെ സിഡിസ്ക് ടെക്നോളജീസ്, ജെൻ റോബോട്ടിക്സ്, ഇൻകെർ റോബോട്ടിക് സൊല്യൂഷൻസ് എന്നിവയാണ് ഫൈനൽ റൗണ്ടിലെത്തിയത്.ദേവൻ ചന്ദ്രശേഖരനും ദേവിക ചന്ദ്രശേഖരനും ചേർന്ന് 2020 ൽ ആരംഭിച്ച ഫ്യൂസ് ലേജിൻറെ പ്രധാന ഉത്പന്നങ്ങൾ കാർഷിക ടെക്നോളജി, ഡ്രോൺ ഉപയോഗിച്ചുള്ള വളപ്രയോഗം, നിരീക്ഷണം



എന്നിവയാണ്.ആകാശനിരീക്ഷണത്തിലൂടെ തന്നെ വളപ്രയോഗം, രോഗബാധ എന്നിവ മനസിലാക്കാനും അതിൻറെ പരിഹാരം ഡ്രോൺ വഴി തന്നെ നടത്താനുമുള്ള സാങ്കേതികവിദ്യയാണ് ഫ്യൂസ് ലേജിനുള്ളത്. സുസ്ഥിര കൃഷി, ഭക്ഷ്യസുരക്ഷ എന്നിവയ്ക്ക് ഡിജിറ്റൽ കാർഷിക മാതൃക ഏർപ്പെടുത്തുകയും മികച്ച കാർഷിക സംസ്ക്കാരം വളർത്തിയെടുക്കുകയുമാണ് ഫ്യൂസ് ലേജിൻറെ ലക്ഷ്യമെന്നും ദേവൻ ചന്ദ്രശേഖരൻ പറഞ്ഞു.

ഒരു ലക്ഷം രൂപ സമ്മാനത്തുകയുള്ള പ്രേം ബെഹ്ത്ത് എക്സ്ലൻസ് ഇൻ ഇനോവേഷൻ ആൻഡ് ഒൺട്രപ്രണർഷിപ്പ് സ്പിരിറ്റ് അവാർഡും ഫ്യൂസ് ലേജിന് ലഭിച്ചിട്ടുണ്ട്.

ആകാശനിരീക്ഷണത്തിലൂടെ തന്നെ വളപ്രയോഗം, രോഗബാധ എന്നിവ മനസിലാക്കാനും അതിൻറെ പരിഹാരം ഡ്രോൺ വഴി തന്നെ നടത്താനുമുള്ള സാങ്കേതികവിദ്യയാണ് ഫ്യൂസ് ലേജിനുള്ളത്.

സുസ്ഥിര കൃഷി, ഭക്ഷ്യസുരക്ഷ എന്നിവയ്ക്ക് ഡിജിറ്റൽ കാർഷിക മാതൃക ഏർപ്പെടുത്തുകയും മികച്ച കാർഷിക സംസ്ക്കാരം വളർത്തിയെടുക്കുകയുമാണ് ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു.

# എഞ്ചിനീയറിംഗ് ഉൽപന്ന നിർമ്മാണം:ഹിന്റാൽകോ 45,000 കോടി മുതൽ മുടക്കും




**കൊച്ചി:** ആദിത്യ ബിർള ഗ്രൂപ്പിന്റെ ഹിന്റാൽകോ എഞ്ചിനീയറിംഗ് ഉൽപന്ന നിർമ്മാണത്തിലൂടെ പുതിയ ബ്രാന്റ് ഐഡന്റിറ്റിയിലേക്ക്. ലോഹ നിർമ്മാതാക്കൾ എന്ന പദവിയിൽ നിന്ന് എഞ്ചിനീയറിംഗ് ഉൽപന്ന നിർമ്മാതാക്കൾ എന്ന പദവിയിലേക്ക് ഉയരുകയാണ് കമ്പനി. വൈദ്യുത വാഹനങ്ങൾ, പുനരുപയോഗിക്കാവുന്ന ഊർജ്ജം, ഊർജ്ജ സംഭരണ സംവിധാനം, സെമി കകൂർ, ഉന്നത നിലവാരമുള്ള ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നീ മേഖലകളിൽ വ്യക്തി മുദ്ര പതിപ്പിക്കാനാണ് കമ്പനിയുടെ ശ്രമം.

ഹിന്റാൽകോയുടെ പുതിയ ബ്രാന്റ് ലോഗോ വ്യവസായ പ്രമുഖരുടേയും രാഷ്ട്രീയ നേതാക്കളുടേയും ബിസിനസ് പങ്കാളികളുടേയും സാന്നിധ്യത്തിൽ ആദിത്യ ബിൽള ഗ്രൂപ്പ് ചെയർമാൻ കുമാർമംഗലം ബിർള അനാവരണം ചെയ്തു. അലുമിനിയം, ചെമ്പ്, സ്പെഷ്യാലിറ്റി അലുമിന എന്നീ മേഖലകളിൽ നൂതന ഉപകരണങ്ങളുടെ നിർമ്മാണത്തിന് 45,000 കോടി രൂപ കമ്പനി മുതൽ മുടക്കുമെന്ന് ആദിത്യ ബിർള ഗ്രൂപ്പ് ചെയർമാൻ കുമാർമംഗലം ബിർള ചടങ്ങിൽ പറഞ്ഞു. പത്തു രാജ്യങ്ങളിലായി 52 പ്ലാന്റുകളിൽ നിന്ന് ഉൽപന്നങ്ങൾ നിർമ്മിച്ച് ആഗോള സാമ്പത്തിക മേഖലയെ മുന്നോട്ടു നയിക്കുന്ന ഹിന്റാൽകോയുടെ എഞ്ചിനീയറിംഗ് നിർമ്മാണ മേഖലയിലേക്കുള്ള മാറ്റം ഒരു നാഴികക്കല്ലാണെന്ന് ഹിന്റാൽകോ ഇൻഡസ്ട്രീസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ സതീഷ് പൈ വിലയിരുത്തി. എസ് ആന്റ് പി ഗ്ലോബൽ കോർപറേറ്റ് സസ്റ്റൈനബിലിറ്റി കണക്കെടുപ്പു പ്രകാരം ലോകത്തിലെ ഏറ്റവും മികച്ച സുസ്ഥിര അലുമിനിയം കമ്പനി എന്ന ബഹുമതി തുടർച്ചയായി അഞ്ചാം തവണ ഹിന്റാൽകോ കരസ്ഥമാക്കിയതായും അദ്ദേഹം അറിയിച്ചു.

# 2025 നീറ്റ്, ജെഇഇ പരീക്ഷകൾക്ക് വേണ്ടി റാപ്പിഡ് റിവിഷൻ കോഴ്സും ക്രാഷ് കോഴ്സുകളും ആരംഭിച്ച് ആകാശ് എജ്യുക്കേഷണൽ സർവീസസ്

Aakash
Medical | IIT-JEE | Foundations

**ന്യൂഡൽഹി:** ടെസ്റ്റ് പ്രിപ്പറേറ്ററി സേവനങ്ങളിലെ മുൻനിരക്കാരായ ആകാശ് എജ്യുക്കേഷണൽ സർവീസസ് ലിമിറ്റഡ് (എഇഎസ്എൽ), 2025 നീറ്റ്, ജെഇഇ പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന വിദ്യാർത്ഥികളെ അവരുടെ അവസാന ഘട്ട തയ്യാറെടുപ്പിൽ ശാക്തീകരിക്കാൻ ലക്ഷ്യമിട്ട് ആകാശ് ഡിജിറ്റൽ പ്ലാറ്റ്ഫോം വഴി സൗജന്യ റാപ്പിഡ് റിവിഷൻ കോഴ്സ് ആരംഭിക്കുന്നു. വിദ്യാർത്ഥികളെ അവരുടെ തയ്യാറെടുപ്പ് മികച്ചതാക്കാനും, നിർണായക പരീക്ഷയ്ക്ക് മുമ്പ് അവരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കാനും സഹായിക്കുന്നതിനാണ് ഈ തീവ്രമായ കോഴ്സ് പ്രത്യേകം രൂപകൽപ്പന ചെയ്തിരിക്കുന്നത്.

2025 മാർച്ച് 31ന് ആരംഭിക്കുന്ന അടുത്ത ബാച്ചിൽ ചേരുന്ന വിദ്യാർത്ഥികൾക്ക് സൗജന്യ നീറ്റ് റാപ്പിഡ് റിവിഷൻ കോഴ്സ് പ്രയോജനപ്പെടുത്താനുള്ള അവസരം ലഭിക്കും. ക്രാഷ് കോഴ്സിൽ 100+ മണിക്കൂർ ലൈവ് ഓൺലൈൻ അദ്ധ്യാപന സെഷനുകൾ, പ്രധാനപ്പെട്ട അധ്യായങ്ങൾക്കായുള്ള 9 ടെസ്റ്റുകളും പരിശീലന ചോദ്യങ്ങളും ഉൾപ്പെടുന്നു, തന്ത്രപരമായ പുനരവലോകനവും ലക്ഷ്യബോധമുള്ള പരിശീലനവും നൽകുന്നതിന് രൂപകൽപ്പന ചെയ്തിരിക്കുന്നു.

ഇതിനുപുറമെ, ആകാശ് ഡിജിറ്റൽ പ്ലാറ്റ്ഫോമിലൂടെ പഠിപ്പിക്കുന്നതിനായി എഇഎസ്എൽ തങ്ങളുടെ ജനപ്രിയ ഇൻവിക്റ്റസ് ക്രാഷ് കോഴ്സ് ഫോർ ജെഇഇ അഡ്വാൻസ്ഡും പുറത്തിറക്കിയിട്ടുണ്ട്. താങ്ങാവുന്ന നിരക്കിൽ, ഇൻവിക്റ്റസ് ക്രാഷ് കോഴ്സ് ഫോർ ജെഇഇ അഡ്വാൻസ്ഡ്, വിദ്യാർത്ഥികൾക്ക് ഉയർന്ന നിലവാരമുള്ള പരിശീലനവും വിദഗ്ദ്ധ മാർഗ്ഗനിർദ്ദേശവും ഉറപ്പാക്കുന്നു.

## പേ ഹൗ യു ഡ്രൈവ് സൗജന്യ ബിൽറ്റ് ഇൻ ഫീച്ചറായി അവതരിപ്പിച്ച് സൂണോ

**മുംബൈ:** സൂണോ ജനറൽ ഇൻഷുറൻസ്, തങ്ങളുടെ നൂതനമായ പേ ഹൗ യു ഡ്രൈവ് (പിഎച്ച്വൈഡി) ഫീച്ചർ പ്രധാന മോട്ടോർ ഇൻഷുറൻസ് ഉൽപ്പന്നവുമായി സംയോജിപ്പിച്ചുകൊണ്ട് അവതരിപ്പിച്ചു. മുമ്പ് ഒരു ആഡ്ഓൺ ആയി മാത്രം ലഭ്യമായിരുന്ന സൂണോയുടെ പിഎച്ച്വൈഡി ഇപ്പോൾ എല്ലാ പുതിയതും പുതുക്കുന്നതുമായ കാർ ഇൻഷുറൻസ് പോളിസികളിലും ലഭ്യമായിരിക്കുമെന്നും ഈ ഇൻഷുറൻസ് സ്കീം ഡാറ്റാ അധിഷ്ഠിത കസ്റ്റമൈസ്ഡ് കവറേജ് വാഗ്ദാനം ചെയ്യുന്നുവെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.അധിക ചെലവുകളില്ലാതെ സുരക്ഷിതമായി വാഹനമോടിക്കുന്ന ഉപഭോക്താക്കൾക്ക് പ്രതിഫലം നൽകുന്നതിനായി കാർ ഇൻഷുറൻസിൽ ഉൾച്ചേർത്ത മൊബൈൽ ടെലിമാറ്റിക്സ് വാഗ്ദാനം ചെയ്യുന്ന ഇന്ത്യയിലെ ആദ്യത്തെ ഇൻഷുറർ ആണ് സൂണോ ജനറൽ ഇൻഷുറൻസെന്നും സൂണോ ജനറൽ ഇൻഷുറൻസ് എംഡിയും സിഇഒയുമായ ഷാനൈ ഘോഷ് പറഞ്ഞു, പേ ഹൗ യു ഡ്രൈവ് ഉള്ള സൂണോ, സ്മാർട്ട് ഡ്രൈവ് വേഗത, ബ്രേക്കിംഗ്, ശ്രദ്ധ തിരിക്കുന്ന ഡ്രൈവിംഗ് ഉൾപ്പെടെ തത്സമയ ഡ്രൈവിംഗ് പെരുമാറ്റത്തെ അടിസ്ഥാനമാക്കി പ്രീമിയങ്ങൾ കണക്കാക്കുന്നു. സുരക്ഷിതമായ ഡ്രൈവിംഗ് കുറഞ്ഞ പ്രീമിയങ്ങൾക്ക് കാരണമാകും. സൂണോ ആപ്പിന്റെ ടെലിമാറ്റിക്സ് ഡാറ്റയിലൂടെ ഉപഭോക്താക്കൾക്ക് അവരുടെ ഡ്രൈവിംഗ് സ്കോർ നിരീക്ഷിക്കാനും ഡ്രൈവിംഗ് പ്രകടനവും ട്രാക്ക് ചെയ്യാനും കഴിയുമെന്നും അദ്ദേഹം വ്യക്തമാക്കി.

## ലൂമിനസ് രാജസ്ഥാൻ റോയൽസ് പങ്കാളിത്തം ശക്തിപ്പെടുത്തുന്നു

**കൊച്ചി:** ഇന്ത്യയിലെ മുൻനിര എനർജി സൊല്യൂഷൻസ് കമ്പനിയായ ലൂമിനസ് പവർ ടെക്നോളജീസ് ഐപിഎൽ ടീമായ രാജസ്ഥാൻ റോയൽസുമായുള്ള പങ്കാളിത്തം ശക്തിപ്പെടുത്തുന്നു. ഇതിന്റെ ഭാഗമായി ഇന്ത്യൻ ടി20 പ്രീമിയർ ലീഗിന്റെ 18ാം സീസണിലും രാജസ്ഥാൻ റോയൽസിന്റെ ടൈറ്റിൽ പങ്കാളികളായി ലൂമിനസ് പവർ ടെക്നോളജീസ് തുടരും.

പങ്കാളിത്തത്തിന്റെ ഭാഗമായി നടന്ന ചടങ്ങിൽ രാജസ്ഥാൻ റോയൽസ് താരങ്ങളായ സഞ്ജു സാംസൺ, നിതീഷ് റാണ, തുഷാർ ദേശ്പാണ്ഡെ, രാജസ്ഥാൻ റോയൽസ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ജെയ്ക്ക് ലഷ് മക്രം, ലൂമിനസ് നേതൃനിരയിലെ പ്രീതി ബജാജ്, നീലിമ ബുറ, അമിത് ശുക്ല, ശിഖ ഗുപ്ത എന്നിവർ ചേർന്ന് ലൂമിനസിന്റെ ഏറ്റവും പുതിയ സോളാർ, അഡ്വാൻസ്ഡ് എനർജി സൊല്യൂഷനുകൾ പ്രകാശനം ചെയ്തു. പുതിയ സ്ലീക്ക് ഫ്യൂച്ചറിസ്റ്റിക് ഡിസൈൻ ഇൻവെർട്ടറുകളായ ഇവിഒ ഇൻവെർട്ടർ സീരീസ്, സെലിയോ എസ് ഇൻവെർട്ടർ സീരീസ് എന്നിവയും പുറത്തിറക്കാൻ ലൂമിനസിന് പദ്ധതിയുണ്ട്. കൂടാതെ ഇയോൺ ടോപ്കോൺ സോളാർ പാനൽസ്, വ്യവസായത്തെ ഭേദിക്കുന്ന ജെൽ ബാറ്ററി സാങ്കേതികവിദ്യയായ ആംപ്ബോക്സ് ശ്രേണി എന്നിവയും പുതിയ ഉൽപ്പന്ന ശ്രേണിയിൽ ഉൾപ്പെടുന്നു. ഇതിന് പുറമേ ഇന്ത്യയിലുടനീളം റൂഫ് സോളാർ സ്വീകാര്യത വർധിപ്പിക്കുന്നതിനും, ഉപഭോക്താക്കളുടെ വിശ്വാസക്കുറവും, ചെലവ് സംബന്ധിച്ചുള്ള തെറ്റായ ധാരണയും മാറ്റുന്നതിന് സമഗ്രമായ 360 ഡിഗ്രി മാർക്കറ്റിങ് ക്യാമ്പയിനിനും ലൂമിനസ് തുടക്കം കുറിച്ചിട്ടുണ്ട്.ഇന്ത്യയുടെ സൗരോർജ്ജ മേഖല ഒരു പ്രധാന പരിവർത്തനത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണെന്നും ലൂമിനസിൽ ഈ മാറ്റം വേഗത്തിലാക്കുന്നതിന് നിർണായക പങ്ക് വഹിക്കാൻ തങ്ങൾ പ്രതിജ്ഞാബദ്ധരാണെന്നും ലൂമിനസ് പവർ ടെക്നോളജീസ് സിഇഒയും എംഡിയുമായ പ്രീതി ബജാജ് പറഞ്ഞു.

## ഹാറ്റ്സൺ ആഗ്രോ എച്ച്എപി ഡെയിലി ഔട്ട്ലെറ്റുകളുടെ എണ്ണം നാലായിരമായി

**കൊച്ചി:** ഇന്ത്യയിലെ സ്വകാര്യമേഖലയിലുള്ള മുൻനിര ക്ഷീരോൽപന്ന കമ്പനിയായ ഹാറ്റ്സൺ അഗ്രോ പ്രോഡക്ട് ലിമിറ്റഡ്, തങ്ങളുടെ പുതിയ എച്ച്എപി ഡെയിലി ഔട്ട്ലെറ്റ് തുറന്നു. ഇതോടെ രാജ്യത്തൊട്ടാകെ കമ്പനിക്ക് 4000 ഔട്ട്ലെറ്റുകൾ ആയി. കേരളത്തിന് പുറമേ തമിഴ്നാട്, പുതുച്ചേരി, ആന്ധ്രാപ്രദേശ്, തെലങ്കാന, കർണാടക, മധ്യപ്രദേശ്, ഛത്തീസ്ഗഢ്, ബിഹാർ, ജാർഖണ്ഡ്, മഹാരാഷ്ട്ര, കേരളം, പശ്ചിമ ബംഗാൾ, ഒഡീഷ, ഗോവ, ഗുജറാത്ത്, ആൻഡമാൻ നിക്കോബാർ ദ്വീപ് എന്നിവിടങ്ങളിൽ എച്ച്എപി ഡെയിലി ഔട്ട്ലെറ്റ് സാന്നിധ്യമുണ്ട്. പുതുമയും ഉന്നതഗുണനിലവാരവുമുള്ള ക്ഷീരോൽപന്നങ്ങൾ ഉപഭോക്താക്കൾക്ക് നേരിട്ട് എത്തിക്കുന്നതിൽ കമ്പനിക്കുള്ള പ്രതിജ്ഞാബദ്ധതയുടെ തുടർച്ചയാണ് ഈ വിപുലീകരണമെന്ന് എച്ച്എപി ഡെയിലി ഔട്ട്ലെറ്റെന്ന് ഹാറ്റ്സൺ അഗ്രോ പ്രോഡക്ട് ലിമിറ്റഡ് ചെയർമാൻ ആർ.ജി ചന്ദ്രമോഹൻ പറഞ്ഞു. അരുൺ ഐസ്ക്രീംസ്, ആരോക്യ, ഹാറ്റ്സൺ, ഹാനോബാർ ഉൾപ്പെടെയുള്ള ബ്രാൻഡുകളുടെ ഒരു നിരയാണ് എച്ച്എപി ഡെയിലി എക്സ്ക്ലൂസീവ് സ്റ്റോറുകളിലൂടെ കമ്പനി വാഗ്ദാനം ചെയ്യുന്നത്. ഐസ്ക്രീം, പാൽ, തൈര്, മോര്, പനീർ, യോഗർട്ട്, ജ്യൂസ്, ചോക്കലേറ്റ്, വെണ്ണ തുടങ്ങിയവയുടെ ചില്ലറ വിൽപനയാണ് ഈ സ്റ്റോറുകൾ വഴി നടത്തുന്നത്. ഉന്നത ഗുണമേന്മയുള്ള ക്ഷീരോൽപന്നങ്ങൾ പുതുമയോടെ ഉപഭോക്താക്കളുടെ സമീപത്ത് എത്തിക്കുന്നതിനുള്ള കമ്പനിയുടെ യാത്രയിലെ ഒരു സുപ്രധാന നാഴികക്കല്ലാണ് 4000മത് എച്ച്എപി ഡെയിലി ഔട്ട്ലെറ്റെന്നും ആർ.ജി ചന്ദ്രമോഹൻ പറഞ്ഞു.

# എന്റർപ്രണർഷിപ്പ് ഫോർ എനേബിൾമെന്റ് അവതരിപ്പിച്ച് ആമസോൺ

**കൊച്ചി:** സ്ത്രീകളെയും യുവാക്കളെയും സ്വന്തമായി ബിസിനസ്സ് ആരംഭിക്കുന്നതിനെക്കുറിച്ചും സാമ്പത്തികം കൈകാര്യം ചെയ്യുന്നതിനെക്കുറിച്ചും പഠിക്കാൻ സഹായിക്കുന്നതിനായി 'എന്റർപ്രണർഷിപ്പ് ഫോർ എനേബിൾമെന്റ്' അവതരിപ്പിച്ച് ആമസോൺ. മൂന്ന് വർഷത്തെ പരിപാടിയിൽ 30,000 സ്ത്രീകൾക്കും യുവാക്കൾക്കും ആമസോൺ ഇന്ത്യ പരിശീലനം നൽകും.

സുസ്ഥിരമായ ഉപജീവനമാർഗ്ഗങ്ങൾക്കായുള്ള നൂതനാശയങ്ങൾ വികസിപ്പിക്കാൻ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഉപജീവന സഹായ സംഘടനയായ ആക്സസ് ഡെവലപ്മെന്റ് സർവീസസുമായി സഹകരിച്ചാണ് ഈ പരിപാടി നടപ്പാക്കുക. ഹരിയാന, ഉത്തർപ്രദേശ്, മഹാരാഷ്ട്ര സംസ്ഥാനങ്ങളിലുടനീളം നടപ്പാക്കും. സ്ത്രീകൾ നയിക്കുന്ന സംരംഭങ്ങളുടെ ഒരു തരംഗം സൃഷ്ടിച്ച് ദീർഘകാല വളർച്ചയ്ക്ക് പുതിയ അവസരങ്ങൾ തുറക്കാനും, കൂടുതൽ ഉൾക്കൊള്ളുന്ന സമ്പദ്വ്യവസ്ഥയ്ക്കായി ലിംഗ സമത്വത്തിന്റെ നേട്ടം പ്രയോജനപ്പെടുത്താനും സാധിക്കുമെന്ന് ആക്സസ് ഡെവലപ്മെന്റ് സർവീസസ് സിഇഒ വിപിൻ ശർമ്മ പറഞ്ഞു.

ഈ സംരംഭത്തിലൂടെ സുസ്ഥിര ബിസിനസുകൾ കെട്ടിപ്പടുക്കുന്നതിന് ആവശ്യമായ മാർഗങ്ങളും കഴിവുകളും സ്ത്രീകൾക്കും യുവാക്കൾക്കും നൽകുകയാണ് ലക്ഷ്യമെന്ന് ആമസോൺ ലോജിസ്റ്റിക്സ് ഇന്ത്യ വൈസ് പ്രസിഡൻറ് ഡോ. കരുണ ശങ്കർ പാണ്ഡെ പറഞ്ഞു.

വനിതാ സംരംഭകത്വത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ക്രമീകരിച്ച മെൻറർഷിപ്പ് പ്രോഗ്രാമുകൾ വഴി 3,000 സംരംഭകർക്ക് വരെ ബിസിനസ് വികസന പരിശീലനവും പിന്തുണയും നൽകുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം. സ്മാർട്ട്ഫോൺ ഉപയോഗത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന 24,000 പങ്കാളികൾക്ക് ഡിജിറ്റൽ സാക്ഷരതാ പരിശീലനം നൽകാനും 22,000 വ്യക്തികൾക്ക് ഡിജിറ്റൽ പേയ്മെൻറ് പ്ലാറ്റ്ഫോം പരിശീലനം നൽകാനും പരിപാടി ലക്ഷ്യമിടുന്നു.

മൂന്നാം വർഷത്തോടെ 1,200 പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനും ഈ പരിപാടി പിന്തുണ നൽകും, ഇതിൽ 80 ശതമാനം മൂന്നാം വർഷത്തോടെ ഒരു ലക്ഷം രൂപ വാർഷിക വരുമാനം നേടുമെന്ന് പ്രതീക്ഷിക്കുന്നു.

സ്ത്രീകൾ നയിക്കുന്ന 10 മാതൃകാ സംരംഭങ്ങളും ഇത് വികസിപ്പിക്കും, ഇവ വാർഷിക വിറ്റുവരവിൽ 10 മുതൽ 25 ലക്ഷം രൂപ വരെയാകുമെന്നും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നും പ്രതീക്ഷിക്കുന്നു. ഈ സംരംഭകർക്ക് ഓഫ്ലൈനായും ഓൺലൈനായും വിൽക്കാനുള്ള അവസരങ്ങൾ സൃഷ്ടിക്കുക എന്നതും പരിപാടിയുടെ ലക്ഷ്യമാണ്.അറിവ് സൃഷ്ടിയ്ക്കാനും സംരംഭ വികസനത്തിലും ലക്ഷ്യത്തോടെ ഈ പദ്ധതി 3 സംസ്ഥാനങ്ങളിലായി നടപ്പിലാക്കുകയും വിപുലീകരിക്കുകയും ചെയ്യും.

# കൊച്ചിയിൽ ഡിജിറ്റൽ ഇന്നൊവേഷൻ സെന്ററുമായി എയർ ഇന്ത്യ

**കൊച്ചി:** മുൻനിര വിമാനകമ്പനിയായ എയർ ഇന്ത്യയുടെ കൊച്ചിയിലെ പുതിയ ഡിജിറ്റൽ ഇന്നൊവേഷൻ കേന്ദ്രം എയർ ഇന്ത്യ ചെയർമാൻ കൂടിയായ ടാറ്റാ ഗ്രൂപ്പ് ചെയർമാൻ എൻ ചന്ദ്രശേഖരൻ ഉദ്ഘാടനം ചെയ്തു. ഡിജിറ്റൽ ടച്ച് പോയിന്റ് സാങ്കേതികവിദ്യകളും അത്യാധുനിക ഡാറ്റ, നിർമിത ബുദ്ധി സൗകര്യങ്ങളും വികസിപ്പിച്ച് എയർ ഇന്ത്യയെ ആധുനിക ലോകോത്തര നിലവാരത്തിലുള്ള എയർലൈൻ ആക്കുന്നതിൽ ഈ കേന്ദ്രം ശ്രദ്ധ പതിപ്പിക്കുമെന്ന് എൻ ചന്ദ്രശേഖരൻ പറഞ്ഞു.ഇന്നത്തെ സാഹചര്യത്തിൽ നിർമിത ബുദ്ധിയുടെ പിൻബലത്തോടെയുള്ള മുന്നേറ്റങ്ങൾ ചൂണ്ടിക്കാട്ടിയ അദ്ദേഹം എയർ ഇന്ത്യയുടെ യാത്രക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട അനുഭവങ്ങൾ നൽകുന്ന ഡിജിറ്റൽ സംവിധാനങ്ങൾ വികസിപ്പിക്കണമെന്ന് പറഞ്ഞു. യാത്രക്കാർക്ക് സ്വയം ഉപയോഗിക്കാവുന്ന ഡിജിറ്റൽ അസിസ്റ്റന്റുകളെ വികസിപ്പിച്ചെടുക്കാൻ കഴിയണമെന്നും എയർ ഇന്ത്യയിലെ യാത്രക്കാരുടെ ആവശ്യങ്ങൾ മുൻകൂട്ടി പ്രതീക്ഷിക്കാനും അവ നിറവേറ്റാനും കഴിയുന്നവയായിരിക്കണം ഡിജിറ്റൽ അസിസ്റ്റന്റുകളെന്നും അദ്ദേഹം പറഞ്ഞു.




എയർ ഇന്ത്യ മാനേജിങ് ഡയറക്ടറും സിഇഒയുമായ കാംപ്ബെൽ വിൽസൺ, ചീഫ് ഡിജിറ്റൽ ആന്റ് ടെക്നോളജി ഓഫീസർ ഡോ. സത്യ രാമസ്വാമി, ഗവർണൻസ് റെഗുലേറ്ററി കോംപ്ലിയൻസ് കോർപറേറ്റ് അഫയേഴ്സ് ഗ്രൂപ്പ് മേധാവി പി ബാലാജി തുടങ്ങിയവരും ചടങ്ങിൽ പങ്കെടുത്തു.

കൊച്ചി ഇൻഫോപാർക്ക് ഫെയ്സ് രണ്ടിലെ കാസ്പിയൻ ടെക്പാർക്ക്സിലാണ് എയർ ഇന്ത്യയുടെ ഡിജിറ്റൽ ഇന്നൊവേഷൻ സെന്റർ പ്രവർത്തിക്കുന്നത്. ഒൻപത് നിലകളിലായി വർക്ക് സ്റ്റേഷനുകൾ, മീറ്റിങ് റൂമുകൾ, കൊളാബറേഷൻ സ്പെയ്സുകൾ, ചർച്ചാ കാബിനുകൾ തുടങ്ങിയവയാണുള്ളത്. ബോധി ട്രീ എന്ന പേരിലാണ് ഡിസൈൻ കൊളാബറേഷൻ മേഖല. തിരുവിതാംകൂർ, വേണാട്, കൊച്ചി, വള്ളുവനാട്, ഏറനാട്, കോഴിക്കോട്, അറക്കൽ, കോട്ടയം, ചിറക്കൽ എന്നിങ്ങനെ കേരളത്തിലെ വിവിധ പഴയ രാജവംശങ്ങളുടെ പേരുകളാണ് വിവിധ നിലകൾക്ക് നൽകിയിട്ടുള്ളത്.ഇന്ത്യയിലെ നൂതന സംവിധാനങ്ങളെ കൂടുതൽ ശക്തിപ്പെടുത്താൻ ഈ ഡിജിറ്റൽ ഇന്നൊവേഷൻ സെന്റർ സഹായിക്കുമെന്ന് എയർ ഇന്ത്യ സിഇഒയും മാനേജിങ് ഡയറക്ടറുമായ കാംപ്ബെൽ വിൽസൺ പറഞ്ഞു. ഡിജിറ്റൽ ടച്ച് പോയിന്റുകളിലൂടെയും നിർമിത ബുദ്ധി പോലുള്ള സംവിധാനങ്ങളിലൂടെയും എയർ ഇന്ത്യയുടെ ഡിജിറ്റൽ ഇന്നൊവേഷൻ സെന്റർ തങ്ങളുടെ അതിഥികളുടെ അനുഭവങ്ങൾ വരും കാലങ്ങളിൽ കൂടുതൽ മികച്ചതാക്കുമെന്ന് എയർ ഇന്ത്യ ചീഫ് ഡിജിറ്റൽ ആന്റ് ടെക്നോളജി ഓഫീസർ ഡോ. സത്യ രാമസ്വാമി പറഞ്ഞു.

# പുതിയ കാലം പുതിയ ട്രെൻഡുകൾ; കാമ്പയിൻ തുടങ്ങി റിലയൻസ് ട്രെൻഡ്സ്

**കൊച്ചി / ബെംഗളൂരു:** റിലയൻസ് ട്രെൻഡ്സ്, തെന്നിന്ത്യൻ സൂപ്പർ താരം മഹേഷ് ബാബുവിനെയും മകൾ സിത്താരയെയും അവതരിപ്പിക്കുന്ന പുതിയ സമ്മർഒക്കേഷൻ വെയർ ശേഖരവും പുതിയ കാമ്പയിനും പുറത്തിറക്കി.കൂൾ കാഷ്വൽസ്, വൗ വെസ്റ്റേൺസ്, പാർട്ടി എത്നിക്സ് എന്നിവയുൾപ്പെടെ മികച്ച വസ്ത്ര ശേഖരങ്ങൾ കാമ്പയിൻ പ്രദർശിപ്പിക്കുന്നു.ഈ അവധി സീസണിൽ കുടുംബത്തിലെ എല്ലാവർക്കും വേണ്ടിയുള്ള അതിമനോഹരമായ ഉൽപ്പന്നങ്ങളുടെ ഒരു നിരയാണ് ഈ പുതിയ കാമ്പയിൻ പ്രദർശിപ്പിക്കുന്നത്. എല്ലാ അവസരങ്ങൾക്കും സീസണുകൾക്കും അനുയോജ്യമായ വൈവിധ്യമാർന്ന ശേഖരങ്ങൾ നൽകുന്ന റിലയൻസ് ട്രെൻഡ്സ് ഇന്ത്യയിലെ ഏറ്റവും പ്രിയപ്പെട്ട ഷോപ്പിംഗ് ലക്ഷ്യസ്ഥാനമായി മാറിക്കഴിഞ്ഞുവെന്ന് കമ്പനി അധികൃതർ പറഞ്ഞു.



സൊസൈറ്റി ടുഡേ
SOCIETY TODAY




# ഷിൽട്ടൺ ഇന്റർനാഷണൽ ഹോട്ടൽ കൊച്ചിയിൽ പ്രവർത്തനം തുടങ്ങി

**കൊച്ചി:** എറണാകുളത്തെ ഇന്റർനാഷണൽ ഹോട്ടൽ പുതിയ മാനേജ്മെന്റിന് കീഴിൽ പുതിയ രൂപത്തിൽ ഷിൽട്ടൺ ഇന്റർനാഷണൽ ഹോട്ടലായി കൊച്ചിയിൽ പ്രവർത്തനം ആരംഭിക്കുന്നു. കലാതീതമായ മനോഹാരിതയും സമകാലിക സുഖസൗകര്യങ്ങളും ചേർന്ന് ആധുനികതയും പൈതൃകവും സംയോജിപ്പിച്ച അനുഭവമാണ് ഷിൽട്ടൺ ഇന്റർനാഷണൽ അതിഥികൾക്ക് വാഗ്ദാനം ചെയ്യുന്നതെന്ന് ഷിൽട്ടൺ ഹോസ്പിറ്റാലിറ്റി ഡയറക്ടർ അനിൽ നാഗ്പാൽ പറഞ്ഞു. കൊച്ചിയുടെ ഹൃദയ ഭാഗത്ത് സ്ഥിതി ചെയ്യുന്ന ഷിൽട്ടൺ ഇന്റർനാഷണൽ ബിസിനസ്, വിനോദ സഞ്ചാരികൾക്ക് അനുയോജ്യമായ തരത്തിൽ വിശാലവും മനോഹരവുമായി രൂപകൽപ്പന ചെയ്ത മുറികൾ നൽകുന്നതിലൂടെയാണ് പരമ്പരാഗത നവയുഗ ഹോട്ടലുകളിൽ നിന്ന് വേറിട്ടുനിൽക്കുന്നത്.നഗര ഹോസ്പിറ്റാലിറ്റി ട്രെൻഡുകൾ ചെറിയ താമസ സൗകര്യങ്ങളാണ് ഒരുക്കുന്നതെങ്കിൽ അതിഥികൾക്ക് സൗകര്യപ്രദമായി സുഖസൗകര്യങ്ങളിൽ വിശ്രമിക്കാൻ തയ്യാറാക്കിയ വിശാലമായ മുറികളാണ് ഷിൽട്ടൺ ഇന്റർനാഷണൽ വാഗ്ദാനം ചെയ്യുന്നത്.ഐതിഹാസിക ഹോട്ടലിന്റെ പുതുമയിൽ അഭിമാനിക്കുന്നതിനോടൊപ്പം ഷിൽട്ടൺ ഹോസ്പിറ്റാലിറ്റിയുടെ തനതായ ഊഷ്മളതയും സേവനമികവും ഉൾപ്പെടുത്തിയതാണ് പുതിയ ഹോട്ടലെന്നും അനിൽ നാഗ്പാൽ പറഞ്ഞു.താമസസൗകര്യങ്ങൾക്കപ്പുറം, കൺവെൻഷനുകൾ, കോർപ്പറേറ്റ് മീറ്റിംഗുകൾ, സ്വകാര്യ പരിപാടികൾ എന്നിവയ്ക്കുള്ള പ്രധാന വേദിയായും ഷിൽട്ടൺ ഇന്റർനാഷണൽ പ്രവർത്തിക്കും. ഹോട്ടലിൽ മികച്ച രീതിയിൽ സജ്ജീകരിച്ച ബോൾറൂമുകളും ഇവന്റ് ഇടങ്ങളും പ്രാദേശിക ബിസിനസുകൾക്കും വ്യക്തികൾക്കും കോൺഫറൻസുകൾ, ആഘോഷങ്ങൾ, ഒത്തുചേരലുകൾ എന്നിവ പ്രത്യേക അന്തരീക്ഷത്തിൽ സംഘടിപ്പിക്കാൻ അനുയോജ്യമായ തരത്തിലാണ് ഒരുക്കിയിരിക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

# പാമ്പു കടിയേറ്റുള്ള മരണങ്ങൾ 2030ഓടെ പകുതിയാക്കുക ലക്ഷ്യമിട്ട് നാപ്സ്

**കൊച്ചി:**പാമ്പു കടിയേറ്റുള്ള മരണങ്ങൾ 2030ഓടെ പകുതിയാക്കി കുറക്കുക എന്ന ലക്ഷ്യവുമായി നാഷണൽ ആക്ഷൻ പ്ലാൻ ഫോർ പ്രിവൻഷൻ ഓറ് സ്നേക് ബൈറ്റ് എൻവിനോമിങ് (നാപ്സ്) പ്രവർത്തനങ്ങൾ വിപുലമാക്കുന്നു. പാമ്പു കടിയേറ്റുള്ള മരണങ്ങളിൽ വലിയൊരു പങ്കും തടയാനാവുന്നതാണെന്നും അതിന് ബോധവൽക്കരണവും ചികിൽസാ ലഭ്യതയും വലിയ പങ്കു വഹിക്കുന്നുണ്ടെന്നും നാപ്സ് ചൂണ്ടിക്കാട്ടുന്നു. ഇതിനായുള്ള സൗകര്യങ്ങൾ ഒരുക്കാൻ നാസ്പ് സംസ്ഥാനങ്ങൾക്കായി വിപുലമായ പദ്ധതികളും മുന്നോട്ടു വെക്കുന്നുണ്ട്.

പാമ്പുകടിയേറ്റുള്ള മരണങ്ങളും പാമ്പു കടിയേൽക്കുന്ന സംഭവങ്ങളും പാമ്പുകടിയെന്നു സംശയിക്കുന്ന സംഭവങ്ങളും എല്ലാ സ്വകാര്യ, സർക്കാർ ആരോഗ്യ സ്ഥാപനങ്ങളും നിർബന്ധമായും റിപോർട്ട് ചെയ്യണമെന്ന് 2024 നവംബറിൽ കേന്ദ്ര ആരോഗ്യ, കുടുംബ ക്ഷേമ മന്ത്രാലയം നിർദ്ദേശിച്ചിട്ടുണ്ട്.

ലോകത്തിൽ ഏറ്റവും കൂടുതൽ പാമ്പുകടി മരണങ്ങൾ ഇന്ത്യയിലാണ് ഉണ്ടാകുന്നതെന്നാണ് ലോകാരോഗ്യ സംഘടന ചൂണ്ടിക്കാട്ടുന്നത്. ഇതിനെ ചെറുക്കാനുള്ള നീക്കങ്ങൾക്കു സഹായകമാകുന്ന രീതിയിലാണ് ഈ നിർദ്ദേശം.

ഗുണമേൻമയുള്ള ആൻറിവെനം നൽകുകയെന്നത് പാമ്പുകടിയേറ്റവർക്കുള്ള ചികിൽസയിൽ ഏറെ നിർണായകമായ ഒന്നാണ്. പല മരണങ്ങളും ഒഴിവാക്കാനും മറ്റു പ്രശ്നങ്ങൾ ഇല്ലാതാക്കാനും ഇതാണ് ഏറ്റവും സഹായകമാകുന്നത്. ഗ്രാമീണ ഇന്ത്യയിൽ പാമ്പു കടിയേൽക്കുന്നവരിൽ 20 മുതൽ 30 ശതമാനം വരെ പേർ മാത്രമേ ആശുപത്രികളിൽ ചികിൽസ തേടുന്നുള്ളു എന്നാണ് റിപോർട്ടുകൾ സൂചിപ്പിക്കുന്നത്.

ആവശ്യമായ പ്രഥമ ശുശ്രൂഷ ലഭിക്കാത്തതും വൈകി മാത്രം ചികിൽസാ സൗകര്യങ്ങൾ ലഭിക്കുന്നതും പലപ്പോഴും പ്രശ്നമാകുന്നുണ്ട്. ഇതിനും പുറമേ അശാസ്ത്രീയ ചികിൽസകളും വീട്ടു ചികിൽസകളും തേടുന്നത് സ്ഥിതിഗതികൾ കൂടുതൽ വഷളാക്കുകയും ചെയ്യും.




# തൃശ്ശൂരിൽ ഇഞ്ചിയോൺ കിയയുടെ പുതിയ സെയിൽസ് ഔട്ട്ലെറ്റ്

**തൃശൂർ:** തൃശൂർ ജില്ലയിൽ കൂടുതൽ വിപുലീകരണവുമായി ഇഞ്ചിയോൺ കിയ. തൃശൂർ ശക്തൻ നഗറിലെ പുതിയ സെയിൽസ് ഔട്ട്ലറ്റിന്റെ ഉദ്ഘാടനം തൃശൂർ മേയർ എം.കെ വർഗീസ്, ഇഞ്ചിയോൺ കിയ മാനേജിങ് ഡയറക്ടർ നയീം ഷാഹുൽ എന്നിവർ ചേർന്ന് നിർവഹിച്ചു. ശക്തൻ നഗറിൽ ആലപ്പാട്ട് ടവറിൽ പ്രവർത്തനമാരംഭിച്ചിരിക്കുന്ന ഈ പുതിയ സെയിൽസ് ഔട്ട്ലെറ്റ് ഇഞ്ചിയോൺ കിയയുടെ ഇരുപതാമത്തെ ഫെസിലിറ്റിയാണ്. കിയ ഗ്ലോബൽ ബെസ്റ്റ് ഡീലർഷിപ്പ് അവാർഡ് കരസ്ഥമാക്കിയ കിയയുടെ ഡീലറാണ് ഇഞ്ചിയോൺ കിയയെന്ന് ഇഞ്ചിയോൺ കിയ മാനേജിംഗ് ഡയറക്ടർ നയീം ഷാഹുൽ പറഞ്ഞു.നിലവിൽ തൃശൂർ ജില്ലയിലെ വാടാനപ്പള്ളി, മരത്താക്കര എന്നിവിടങ്ങളിലെ ഇഞ്ചിയോൺ കിയ ഫെസിലിറ്റികളിൽ സെയിൽസ്, സർവ്വീസ് സേവനങ്ങൾ ഉപഭോക്താക്കൾക്ക് ലഭിക്കും. വാഹനങ്ങളുടെ സർവീസിനായി ശക്തൻനഗറിലെ ഇഞ്ചിയോൺ കിയ ഷോറൂമിൽ പിക്ക്അപ്പ് പോയിന്റും ഒരുക്കിയിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്കും ടെസ്റ്റ് ഡ്രൈവ് ബുക്കിംഗിനുമായി ഉപഭോക്താക്കൾക്ക് തൃശൂർ ശക്തൻനഗറിലെ ഇഞ്ചിയോൺ കിയയിൽ നേരിട്ട് ബന്ധപ്പെടാം.

